14
2025
ഫെബ്രുവരി
വെള്ളി
കുംഭം 2

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www.nauticaltimesmedia.com Volume-6, Issue No.75 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-75 പേജ് 4. വില 2.00 രൂപ




02 കേരളം ഗുണ്ടകളുടെ വിഹാര കേന്ദ്രം: പ്രതിപക്ഷ നേതാവ്

03 ഓപ്പറേഷൻ സൗന്ദര്യ: മായം ചേർത്ത സൗന്ദര്യ വർധക വസ്തുക്കൾ പിടികൂടി

04 ക്രൈസ്തവ സമൂഹം നൽകിയ സേവനം വിവരണാതീതം: ഡോ. സി. വി. ആനന്ദബോസ്

# മണിപ്പൂരിൽ രാഷ്ട്രപതി ഭരണം

ഇംഫാൽ: മണിപ്പൂർ മുഖ്യമന്ത്രി ബിരേൻ സിങ് രാജിവെച്ച് ദിവസങ്ങൾക്കുള്ളിൽ സംസ്ഥാനത്ത് രാഷ്ട്രപതി ഭരണം ഏർപ്പെടുത്തി കേന്ദ്രം. 1951ന് ശേഷം ഇത് പതിനൊന്നാം തവണയാണ് മണിപ്പൂർ രാഷ്ട്രപതി ഭരണത്തിന് കീഴിൽ വരുന്നത്. സംസ്ഥാനത്ത് നിലനിന്നിരുന്ന കലാപത്തിന്റെ പശ്ചാത്തലത്തിൽ കോൺഗ്രസ് അവിശ്വാസ പ്രമേയത്തിന് നോട്ടീസ് നൽകിയതിന് പിന്നാലെയാണ് ബിരേൻ സിങ് മുഖ്യമന്ത്രി സ്ഥാനം രാജിവെച്ചത്.



ബിരേൻ സിങ് കാവൽ മുഖ്യമന്ത്രിയായി തുടരുമെന്നായിരുന്നു ആദ്യ റിപ്പോർട്ട് എങ്കിലും കഴിഞ്ഞ ദിവസമാണ് സംസ്ഥാനത്ത് രാഷ്ട്രപതി ഭരണം ഏർപ്പെടുത്തിയേക്കുമെന്ന സൂചനകൾ വന്നത്. മണിപ്പൂരിൽ നിയമസഭാസമ്മേളനം വിളിച്ചുചേർത്തിട്ട് ബുധനാഴ്ച ആറുമാസം തികഞ്ഞിരിക്കേ, ഭരണഘടനാ പ്രതിസന്ധി മറികടക്കാനാണ് രാഷ്ട്രപതിഭരണം ഏർപ്പെടുത്തിയിരിക്കുന്നതെന്നാണ് വിലയിരുത്തലുകൾ. ഭരണഘടനയുടെ വ്യവസ്ഥകൾ അനുസരിച്ച് സംസ്ഥാനത്തെ മുന്നോട്ട് നയിക്കാൻ കഴിയാത്ത സാഹചര്യമില്ലെന്ന് റിപ്പോർട്ട് നൽകിയിരുന്നു. ഇത് അംഗീകരിച്ചു കൊണ്ടാണ് സംസ്ഥാനത്ത് രാഷ്ട്രപതി ഭരണം ഏർപ്പെടുത്തുന്നതെന്ന് രാഷ്ട്രപതിയുടെ ഓഫിസ് അറിയിച്ചു.. മുഖ്യമന്ത്രി സ്ഥാനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ ബി.ജെ.പിയിൽ സമവായമുണ്ടാക്കാൻ സാധിക്കാതെ വന്നതോടെയാണ് കേന്ദ്ര മന്ത്രിസഭ രാഷ്ട്രപതി ഭരണത്തിനു ശുപാർശ ചെയ്തത്.

ബിരേൻ സിങ്ങിന്റെ രാജിക്ക് പിന്നാലെ അദ്ദേഹത്തിന് പകരക്കാരനായി മറ്റൊരു നേതാവിനെ കണ്ടെത്താൻ മണിപ്പൂരിലെ ബി.ജെ.പി. നേതാവായ ബിശ്വജിത്തിനോട് കേന്ദ്ര ആഭ്യമന്ത്രി അമിത് ഷാ ആവശ്യപ്പെട്ടെങ്കിലും ആരുടെയും പേര് പറയാത്തതാണ് കേന്ദ്രനേതൃത്വത്തിന്റെ അതൃപ്തിക്ക് കാരണമായത്. രാഷ്ട്രപതിഭരണം ഏർപ്പെടുത്തിയാൽ എല്ലാവരുടെയും പിന്തുണയുള്ള നേതാവിനെ കണ്ടെത്താൻ ബി.ജെ.പി. കേന്ദ്രനേതൃത്വത്തിന് കൂടുതൽ സമയം ലഭിക്കുകയും ചെയ്യും.

അതിനിടെ, ഭരണഘടനയുടെ അനുച്ഛേദം 174(1) പ്രകാരം ആറുമാസത്തിൽ കുറയാത്ത ഇടവേളകളിൽ നടത്തേണ്ട നിയമസഭാ സമ്മേളനം ഗവർണർ എന്തുകൊണ്ട് വിളിക്കാത്തതെന്ന് കോൺഗ്രസ് ദേശീയ ജനറൽ സെക്രട്ടറി ജയറാം രമേഷ് ചോദിച്ചു. കോൺഗ്രസ് തിങ്കളാഴ്ച അവിശ്വാസപ്രമേയം അവതരിപ്പിക്കാൻ തീരുമാനിച്ചതും മുഖ്യമന്ത്രിക്കായി പകരമൊരാളെ കണ്ടെത്താൻ ബി.ജെ.പി. നേതൃത്വത്തിന് കഴിയാത്തതുമാണ് സമ്മേളനം റദ്ദാക്കിയതിന് കാരണമെന്നും അദ്ദേഹം ആരോപിച്ചു. നിയമസഭാ സമ്മേളനം റദ്ദാക്കിയ ഗവർണറുടെ ഉത്തരവ് നിയമവിരുദ്ധവും ഭരണഘടനാ വിരുദ്ധവുമാണെന്ന് മണിപ്പൂർ കോൺഗ്രസ് അധ്യക്ഷൻ കെയ്ഷാം മേഘചന്ദ്രയും ആരോപിച്ചു.

## പാതിവില തട്ടിപ്പ് കേസിൽ മലപ്പുറത്ത് ഒരാൾ കൂടി അറസ്റ്റിൽ

മലപ്പുറം: പാതിവില തട്ടിപ്പ് കേസിൽ മലപ്പുറത്ത് ഒരാളെ കൂടി അറസ്റ്റ് ചെയ്തു. തിരൂർ വാക്കാട് സ്വദേശിയായ പാലക്ക വളപ്പിൽ ചെറിയ ഒറ്റയിൽ റിയാസ് (45) എന്നയാളാണ് അറസ്റ്റിലായത്.

തിരൂർ പോലീസ് ആണ് റിയാസിനെ അറസ്റ്റ് ചെയ്തത്. ആൽ ഫൗണ്ടേഷൻ എന്ന ചാരിറ്റി സ്ഥാപനം വഴി പകുതി വിലയ്ക്ക് സ്കൂട്ടർ നൽകാമെന്ന് വാഗ്ദാനം നൽകി തട്ടിപ്പ് നടത്തിയെന്നാണ് കേസ്.

പകുതി വില തട്ടിപ്പിനിരയായ അമ്പതോളം സ്ത്രീകൾ ഇയാൾക്കെതിരെ പരാതിയുമായി പോലീസിനെ സമീപിച്ചിട്ടുണ്ട്. എറണാകുളം കേന്ദ്രീകരിച്ച് നടന്നിട്ടുള്ള ആൽ ഫൗണ്ടേഷൻ തട്ടിപ്പിന്റെ മലപ്പുറം ജില്ലയിലെ ഇടനിലക്കാരനാണ് അറസ്റ്റിലായ പ്രതി. ഇതോടെ പതിവില തട്ടിപ്പിൽ മലപ്പുറത്ത് അറസ്റ്റിലായവരുടെ എണ്ണം രണ്ടായി.

## ശബരിമല തീർഥാടകരുടെ വാഹനം അപകടത്തിൽപ്പെട്ടു: ഏഴ് വയസ്സുകാരൻ ഉൾപ്പെടെ മൂന്നുപേർ മരിച്ചു

കുമളി : ശബരിമല ദർശനം കഴിഞ്ഞ് മടങ്ങിയ തീർത്ഥാടകർ സഞ്ചരിച്ചിരുന്ന ടെമ്പോ ട്രാവലർ സ്വകാര്യ ബസിൽ ഇടിച്ച് അപകടം. പത്ത് വയസ്സുകാരൻ ഉൾപ്പെടെ മൂന്ന് പേർ മരിച്ചു. ഹൊസൂർ സ്വദേശികളായ ഗണേഷ് (7) നാഗരാജ് (45), കൃഷ്ണഗിരി സ്വദേശി സൂര്യ (23) എന്നിവരാണ് മരിച്ചത്. അപകടത്തിൽ പരിക്കേറ്റ 17 പേരെ ആശുപത്രിയിൽ തേനി മെഡിക്കൽ കോളേജിൽ പ്രവേശിപ്പിച്ചു. വ്യാഴാഴ്ച രാത്രി പത്തോടെയായിരുന്നു അപകടം.

തമിഴ്നാട് ഹൊസൂർ സ്വദേശികളായ തീർഥാടകർ സഞ്ചരിച്ച ബസ് തേനി ബൈപാസിന് സമീപത്തുവെച്ചാണ് അുകടത്തിൽപെട്ടത്. എതിരെ വന്ന സ്വകാര്യ ബസ് ടെമ്പോ ട്രാവലറിൽ നേർക്കുനേർ ഇടിക്കുകയായിരുന്നു. ട്രാവലറിന്റെ മുൻഭാഗം പൂർണമായും തകർന്നു. ഡ്രൈവർക്ക് പുറമേ മരിച്ച രണ്ടു പേരും മുൻഭാഗത്താണ് ഇരുന്നിരുന്നത്. അപകടത്തിൽ പരിക്കേറ്റവരിൽ അഞ്ച് പേരുടെ നില ഗുരുതരമാണ്

## സി.ആർ.പി.എഫ്. ക്യാംപിൽ ജവാന്റെ വെടിവെപ്പ്; രണ്ട് സഹപ്രവർത്തകർ കൊല്ലപ്പെട്ടു

ഇംഫാൽ: മണിപ്പൂരിൽ സെൻട്രൽ റിസർവ്വ് പോലീസ് ഫോഴ്സ് (സി.ആർ.പി.എഫ്) ജവാന്റെ വെടിയേറ്റ് രണ്ട് സഹപ്രവർത്തകർ മരിക്കുകയും എട്ടുപേർക്ക് പരിക്കേൽക്കുകയും ചെയ്തു. ഇംഫാൽ വെസ്റ്റ് ജില്ലയിലെ ലാംഫെലിലുള്ള സേനയുടെ ക്യാംപിലാണ് സംഭവം. തന്റെ സർവീസ് ഗൺ ഉപയോഗിച്ചാണ് ജവാൻ ക്യാംപിന് നേരെ വെടിയുതിർക്കുകയായിരുന്നു. സി.ആർ.പി.എഫ്. സേനയുടെ 120ാം ബറ്റാലിയനിലെ ജവാന്മാരാണ് മരിച്ചതെന്ന് മണിപ്പൂർ പോലീസ് അറിയിച്ചു. സംഭവത്തെ കുറിച്ച് അന്വേഷിക്കുന്നതിനായി മുതർന്ന ഉദ്യോഗസ്ഥർ സ്ഥലത്തേക്ക് തിരിച്ചിട്ടുണ്ടെന്നാണ് റിപ്പോർട്ട്. പ

## പരവൂർ സ്റ്റേഷനിലെ പോലീസുകാരൻ ഊട്ടിയിലെ ഹോട്ടലിൽ മരിച്ച നിലയിൽ

കൊല്ലം: പരവൂർ സ്റ്റേഷനിലെ പോലീസുകാരനെ ഊട്ടിയിൽ ആത്മഹത്യ ചെയ്ത നിലയിൽ കണ്ടെത്തി. മങ്ങാട് സ്വദേശി ആദർശ് ആണ് മരിച്ചത്.

ഊട്ടിയിലെ ലോഡ്ജിൽ തൂങ്ങിമരിച്ച നിലയിലായിരുന്നു മൃതദേഹം. കുടുംബ പ്രശ്നങ്ങളാണ് ആത്മഹത്യയ്ക്ക് കാരണമെന്നാണ് പ്രാഥമിക നിഗമനം.

മൃതദേഹം ആശുപത്രിയിലേക്ക് മാറ്റിയ ശേഷം നിയമപരമായ നടപടിക്രമങ്ങൾ പൂർത്തിയാക്കി നാട്ടിലെത്തിക്കും.

## സംസ്ഥാനത്തെ വന്യജീവി ആക്രമണം തടയാൻ 10 മിഷനുകൾക്ക് രൂപംനൽകി വനംവകുപ്പ്

തിരുവനന്തപുരം: സംസ്ഥാനത്തെ വന്യജീവി ആക്രമണം തടയാൻ 10 മിഷനുകൾക്ക് രൂപംനൽകി വനംവകുപ്പ്. ഇന്ന് ചേർന്ന വനം വകുപ്പിന്റെ ഉന്നതതല യോഗത്തിലാണ് മിഷിനുകൾക്ക് രൂപംനൽകിയത്.

കാട്ടാന ആക്രമണത്തിൽ തുടർച്ചയായി ആളുകൾ മരിച്ച സംഭവങ്ങളുടെ പശ്ചാത്തലത്തിലാണ് ഉത്തതതല യോഗം ചേർന്നത്. എല്ലാ ഫോറസ്റ്റ് ഡിവിഷനുകളിലും വന്യജീവികളുടെ സ്ഥിരം സഞ്ചാരപാതകൾ, ആനത്താരകൾ എന്നിവ തുടർച്ചയായി നിരീക്ഷിക്കും.

വന്യജീവി സംഘർഷ സംഘർഷ പ്രദേശങ്ങളിൽ പ്രാദേശികമായി സന്നദ്ധ പ്രതികരണ സേന രൂപീകരിക്കും, ജനവാസമേഖലകളിലേക്ക് വന്യജീവികൾ പ്രവേശിക്കുന്നത് തടയാൻ സോളാർ ഫെൻസിംഗ് ശക്തമാക്കും, ഗോത്ര സമൂഹങ്ങളുടെ പ്രാദേശിക അറിവുകളെ ഉപയോഗപ്പെടുത്തി വന്യജീവി ആക്രമണം തടയുക, വന്യജീവികൾക്ക് ഭക്ഷണവും വെള്ളവും വനത്തിൽ ഉറപ്പ് വരുത്തുക, പാമ്പ് കടിയേറ്റുള്ള മരണം തടയാൻ ആൻറിവെനം ഉൽപ്പാദനവും വിതരണവും ശക്തമാക്കുക തുടങ്ങിയവയാണ് കർമ്മ പദ്ധതികൾ.

പ്രവർത്തന രഹിതമായ എസ്റ്റേറ്റുകൾക്ക് നോട്ടീസ് നൽകി അടിക്കാടുകൾ നീക്കം ചെയ്യാൻ ആവശ്യപ്പെടാനും യോഗം തീരുമാനിച്ചു.

# സൈബർ കമാൻണ്ടോകളാകാൻ കേരളത്തിൽ നിന്ന് 73 പേർ

തിരുവനന്തപുരം : രാജ്യത്തെ സൈബർ സുരക്ഷയ്ക്കായി ഏറ്റവും കൂടുതൽ ആളുകളെ സംഭാവന ചെയ്യുന്ന രണ്ടാമത്തെ സംസ്ഥാനമായി കേരളം. സൈബർ കമാണ്ടോകളെ തെരെഞ്ഞെടുക്കുന്നതിനായി ദേശീയ ഫോറൻസിക് സയൻസ് സർവകലാശാല (എൻ എഫ് എസ് യു ) 2025 ജനുവരി 11 ന് ദേശീയ തലത്തിൽ നടത്തിയ പരീക്ഷയിലാണ് കേരളത്തിൽ നിന്ന് 73 പൊലീസ് ഉദ്യോഗസ്ഥർ തെരഞ്ഞെടുക്കപ്പെട്ടത്.

തെലങ്കാനയിൽ നിന്നാണ് ഏറ്റവും കൂടുതൽ ആളുകൾ വിജയിച്ചത്. 172 പേർ.

ഐഐടിയിലും എൻഎഫ്എസ്യുവിയിലും ഡിജിറ്റൽ ഫോറൻസിക്, ഇൻസിഡന്റ് റെസ്പോൺസ്, ഐസിടി ഇൻഫ്രാസ്ട്രക്ചർ സുരക്ഷ തുടങ്ങിയ മേഖലകളിൽ ആറ് മാസത്തെ പരിശീലനത്തിന് ശേഷം ഇവർക്ക് സൈബർ കമാണ്ടോ പ്രത്യേക ശാഖയിൽ നിയമനം ലഭിക്കും.

ആഭ്യന്തര വകുപ്പിന് കീഴിലുള്ള ഇന്ത്യൻ സൈബർ ക്രൈം കോഓർഡിനേഷൻ സെന്റർ (ശ4ര) മുഖേന സൈബർ സുരക്ഷാ ശേഷി വർധിപ്പിക്കുന്നതിനും രാജ്യത്തെ സൈബർ ഭീഷണികൾ ചെറുക്കുന്നതിനുമായാണ് പ്രത്യേക സൈബർ കമാണ്ടോകളുടെ സേന രൂപീകരിക്കുന്നത്. ഇതിന്റെ ഭാഗമായാണ് ദേശീയ തലത്തിൽ എൻഎഫ്എസ്യു ഡൽഹി സൈബർ കമാണ്ടോ പരീക്ഷ നടത്തിയത്. ഇതിൽ രാജ്യത്തുടനീളമുള്ള എല്ലാ സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും കീഴിലുള്ള 3200 ഉദ്യോഗസ്ഥർ പങ്കെടുത്തു.

ഉയർന്നു വരുന്ന സൈബർ അക്രമണങ്ങൾ ചെറുക്കാനും, രാജ്യത്തിന്റെ സൈബർ പ്രതിരോധം ശക്തിപ്പെടുത്താനും പുതിയ സൈബർ കമാണ്ടോ സ്ക്വാഡുകൾ വലിയ സഹായം ചെയ്യും.

## കുന്നംകുളത്ത് രണ്ട് പേർക്ക് കുത്തേറ്റു

തൃശൂർ: കുന്നംകുളം പഴുന്നാനയിൽ രണ്ട് പേർക്ക് കുത്തേറ്റു. പഴുന്നാന സ്വദേശികളായ വിഷ്ണു, ഉദയൻ എന്നിവർക്കാണ് കുത്തേറ്റത്. ഫേസ്ബുക്കിൽ പോസിറ്റിട്ടതുമായി ബന്ധപ്പെട്ട തർക്കത്തിനൊടുവിലാണ് ഇരുവർക്കും കുത്തേറ്റത്. ഷമൽ, ഷിബു, സുമേഷ് എന്നിവരാണ് വിഷ്ണുവിനേയും ഉദയനേയും ആക്രമിച്ചത്.

## റോഡിലൂടെ മൊബൈലിൽ സംസാരിച്ചു നടക്കുന്നവർക്കെതിരെ പിഴ ഈടാക്കണം: ഗണേഷ് കുമാർ

തിരുവനന്തപുരം: റോഡ് അപകടങ്ങൾ കഴിഞ്ഞ വർഷത്തേക്കാൾ ഈ വർഷം കൂടുതലാണെന്ന് ഗതാഗത വകുപ്പ് മന്ത്രി കെ. ബി. ഗണേഷ്കുമാർ. നിലവാരമില്ലാത്ത ഡ്രൈവിംഗാണ് ഇതിനു പ്രധാന കാരണമെന്നും അദ്ദേഹം പറഞ്ഞു.

കാൽനടയാത്രക്കാരുടെ അശ്രദ്ധയും അപകടത്തിനു കാരണമാണെന്നും മന്ത്രി പറഞ്ഞു. പലരും മൊബൈലിൽ സംസാരിച്ചാണ് റോഡിലൂടെ നടക്കുന്നത്. റോഡ് മുറിച്ചുകിടക്കുമ്പോൾ പോലും ഇടത്തും വലത്തും നോക്കാറില്ല.

മൊബൈലിൽ സംസാരിച്ചു നടക്കുന്നവർക്കെതിരെ പിഴ ഈടാക്കണമെന്നാണ് വ്യക്തിപരമായ അഭിപ്രായമെന്നും ഗണേഷ് കുമാർ പറഞ്ഞു.



# റിസർച്ച് അവാർഡിന് അപേക്ഷിക്കാം

2024-25 വർഷത്തെ റിസർച്ച് അവാർഡിന് (ആസ്പെയർ) അർഹരായ, രണ്ടാം വർഷ ബിരുദാനന്തര ബിരുദത്തിന് പഠിച്ചു കൊണ്ടിരിക്കുന്ന (ബിരുദത്തിൽ 80 ശതമാനവും അതിൽ അധികവും മാർക്ക് നേടിയ) വിദ്യാർഥികളുടെ അന്തിമ ലിസ്റ്റ് കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ collegiateedu.kerala.gov.in, www.dcescholarship.kerala.gov.in എന്ന സൈറ്റുകളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർഥികൾ മാതൃ സ്ഥാപനത്തിൽ നിന്നും വിടുതൽ ചെയ്ത്, ആതിഥേയ സ്ഥാപനത്തിൽ പ്രവേശനം നേടിയ ശേഷം, ജോയിനിങ് റിപ്പോർട്ട് ഫെബ്രുവരി 19ന് വൈകിട്ട് 5ന് അകം dceaspire2018@gmail.cm ലേക്ക് മെയിൽ ചെയ്യേണ്ടതും, ഹാർഡ് കോപ്പി നേരിട്ടോ തപാലിലോ സ്കോളർഷിപ്പ് സെക്ഷനിൽ ലഭ്യമാക്കേണ്ടതുമാണ്.

# എടിഎം കവർച്ചാശ്രമത്തിനിടെ യുവാവ് പിടിയിൽ

കോഴിക്കോട്: എടിഎം കവർച്ചാ ശ്രമത്തിനിടെ പോളിടെക്നിക് ഡിപ്ലോമക്കാരനായ യുവാവ് പിടിയിൽ. മലപ്പുറം സ്വദേശി വിജേഷി (38)നെയാണ് ചേവായൂർ പോലീസ് പിടികൂടിയത്.

ഇന്നു പുലർച്ചെ 2.30ന് പോലീസ് പട്രോളിംഗിനിടെയാണു സംഭവം. പറമ്പിൽകടവിലെ ധനകാര്യ സ്ഥാപനത്തിന്റെ ഹിറ്റാച്ചിയുടെ എടിഎം ഷട്ടർ താഴ്ത്തിയ നിലയിലായിരുന്നു. ഉള്ളിൽ വെളിച്ചവും ആളനക്കവും ശ്രദ്ധയിൽപ്പെട്ടപ്പോഴാണ് പോലീസ് സംഘം പരിശോധിച്ചത്.

എടിഎമ്മിനു പുറത്തു ഗ്യാസ് കട്ടറും കണ്ടതോടെ പോലീസ് ഷട്ടർ തുറന്ന് ബലപ്രയോഗത്തിലൂടെ പ്രതിയെ പിടികൂടുകയായിരുന്നു. പ്രതിയെ ചേവായൂർ സ്റ്റേഷനിൽ എത്തിച്ചു ചോദ്യം ചെയ്യുകയാണ്. സാമ്പത്തിക ബാധ്യത തീർക്കാൻ ലക്ഷ്യമിട്ടാണ് യുവാവ് മോഷണത്തിനിറങ്ങിയതെന്നാണ് പോലീസ് വിശദമാക്കുന്നത്.

# മൂന്ന് ഡിഗ്രി വരെ ചൂട് കൂടും; സംസ്ഥാനത്ത് വെള്ളിയാഴ്ച ഉയർന്ന താപനില മുന്നറിയിപ്പ്, ജാഗ്രത

തിരുവനന്തപുരം: സംസ്ഥാനത്ത് വീണ്ടും ഉയർന്ന താപനില മുന്നറിയിപ്പ്. വെള്ളിയാഴ്ചയും ഒറ്റപ്പെട്ടയിടങ്ങളിൽ സാധാരണയെക്കാൾ രണ്ടു മുതൽ മൂന്നു ഡിഗ്രി വരെ താപനില ഉയരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

ഉയർന്ന താപനിലയും ഈർപ്പമുള്ള വായുവും കാരണം ചൂടും അസ്വസ്ഥതയുമുള്ള കാലാവസ്ഥയ്ക്ക് സാധ്യതയുണ്ടെന്നും മുന്നറിയിപ്പിൽ പറയുന്നു.

ഉയർന്ന ചൂട് സൂര്യാഘാതം, സൂര്യാതപം, നിർജലീകരണം തുടങ്ങി നിരവധി ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകും. ഈ സാഹചര്യത്തിൽ പൊതുജനങ്ങൾക്കായി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ജാഗ്രതാ നിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

പകൽ 11 മുതൽ മൂന്നു വരെയുള്ള സമയത്ത് നേരിട്ട് ശരീരത്തിൽ കൂടുതൽ സമയം തുടർച്ചയായി സൂര്യപ്രകാശം ഏൽക്കുന്നത് ഒഴിവാക്കുക.

പരമാവധി ശുദ്ധജലം കുടിക്കുക. ദാഹമില്ലെങ്കിലും വെള്ളം കുടിക്കുന്നത് തുടരുക. നിർജലീകരണമുണ്ടാക്കുന്ന മദ്യം, കാപ്പി, ചായ, കാർബണേറ്റഡ് ശീതള പാനീയങ്ങൾ തുടങ്ങിയവ പകൽ സമയത്ത് ഒഴിവാക്കുക. അയഞ്ഞ, ഇളം നിറത്തിലുള്ള കോട്ടൺ വസ്ത്രങ്ങൾ ധരിക്കുക.

പുറത്തിറങ്ങുമ്പോൾ പാദരക്ഷകൾ ധരിക്കുക. കുടയോ തൊപ്പിയോ ഉപയോഗിക്കുന്നത് നല്ലതായിരിക്കും.

പഴങ്ങളും പച്ചക്കറികളും ധാരാളമായി കഴിക്കുക. ഒആർഎസ് ലായനി, സംഭാരം തുടങ്ങിയവയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുക.

മാർക്കറ്റുകൾ, കെട്ടിടങ്ങൾ, മാലിന്യശേഖരണ-നിക്ഷേപ കേന്ദ്രങ്ങൾ (ഡംപിങ് യാർഡ്) തുടങ്ങിയ ഇടങ്ങളിൽ തീപിടുത്തങ്ങൾ വർധിക്കാനും വ്യാപിക്കാനുമുള്ള സാധ്യത കൂടുതലാണ്. ഫയർ ഓഡിറ്റ് നടത്തേണ്ടതും കൃത്യമായ സുരക്ഷാ മുൻകരുതൽ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. ഇവയോട് ചേർന്ന് താമസിക്കുന്നവരും സ്ഥാപനങ്ങൾ നടത്തുന്നവരും പ്രത്യേകം ജാഗ്രത പാലിക്കുക. ചൂട് അധികരിക്കുന്ന സാഹചര്യത്തിൽ കാട്ടുതീ വ്യാപിക്കാനുള്ള സാധ്യതയുണ്ട്. വനമേഖലയോട് ചേർന്ന് താമസിക്കുന്നവരും വിനോദ സഞ്ചാരികളും പ്രത്യേകം ജാഗ്രത പാലിക്കണം. കാട്ടുതീ ഉണ്ടാകാനുള്ള സാഹചര്യങ്ങൾ ഒഴിവാക്കണം. വനം വകുപ്പിന്റെ നിർദേശങ്ങൾ കർശനമായി പാലിക്കണം. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദ്യാർഥികൾക്ക് ശുദ്ധമായ കുടിവെള്ളം ഉറപ്പാക്കേണ്ടതും ക്ലാസ്മുറികളിൽ വായുസഞ്ചാരം ഉറപ്പാക്കേണ്ടതുമാണ്. പരീക്ഷാക്കാലമായാൽ പരീക്ഷാഹാളുകളിലും ജലലഭ്യത ഉറപ്പാക്കണം. വിദ്യാർഥികളുടെ കാര്യത്തിൽ സ്കൂൾ അധികൃതരും രക്ഷിതാക്കളും പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്. കുട്ടികൾക്ക് കൂടുതൽ വെയിലേൽക്കുന്ന അസംബ്ലികളും മറ്റ് പരിപാടികളും ഒഴിവാക്കുകയോ സമയക്രമീകരണം നടത്തുകയോ ചെയ്യേണ്ടതാണ്. കുട്ടികളെ വിനോദ സഞ്ചാരത്തിന് കൊണ്ടുപോകുന്ന സ്കൂളുകൾ പകൽ 11 മുതൽ മൂന്നുവരെ കുട്ടികൾക്ക് നേരിട്ട് ചൂട് ഏൽക്കുന്നില്ല എന്ന് ഉറപ്പ് വരുത്തുക.

അംഗനവാടി കുട്ടികൾക്ക് ചൂട് ഏൽക്കാത്ത തരത്തിലുള്ള സംവിധാനം നടപ്പാക്കാൻ അതാത് പഞ്ചായത്ത് അധികൃതരും അംഗനവാടി ജീവനക്കാരും പ്രത്യേകം ശ്രദ്ധിക്കണം.

കിടപ്പ് രോഗികൾ, പ്രായമായവർ, ഗർഭിണികൾ, കുട്ടികൾ, ഭിന്നശേഷിക്കാർ, മറ്റ് രോഗങ്ങൾ മൂലമുള്ള അവശത അനുഭവിക്കുന്നവർ തുടങ്ങിയ വിഭാഗങ്ങൾ പകൽ 11 മുതൽ മൂന്നു വരെ നേരിട്ട് സൂര്യപ്രകാശം ഏൽക്കാതെയിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. ഇത്തരം വിഭാഗങ്ങൾക്ക് എളുപ്പത്തിൽ സൂര്യാഘാതം ഏൽക്കാനുള്ള സാധ്യതയുള്ളതിനാൽ ഇവരുടെ കാര്യത്തിൽ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്. ഇരുചക്ര വാഹനങ്ങളിൽ ഓൺലൈൻ ഭക്ഷണവിതരണം നടത്തുന്നവർ ഉച്ചസമയത്ത് സുരക്ഷിതരാണെന്ന് അതാത് സ്ഥാപനങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്. അവർക്കു ചൂട് ഏൽക്കാതിരിക്കാൻ ഉതകുന്ന രീതിയിലുള്ള വസ്ത്രധാരണം നടത്താൻ നിർദേശം നൽകുകയും ആവശ്യമെങ്കിൽ യാത്രയ്ക്കിടയിൽ അല്പസമയം വിശ്രമിക്കാനുള്ള അനുവാദം നൽകുകയും ചെയ്യേണ്ടതാണ്.

മാധ്യമപ്രവർത്തകരും പോലീസ് ഉദ്യോഗസ്ഥരും ഈ സമയത്ത് (11 3) കുടകൾ ഉപയോഗിക്കുകയും നേരിട്ട് വെയിൽ ഏൽക്കാതിരിക്കാൻ ശ്രദ്ധിക്കുകയും ചെയ്യുക. ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥർക്ക് കുടിവെള്ളം നൽകി നിർജലീകരണം തടയാൻ സഹായിക്കുക.

പൊതുപരിപാടികൾ, സമ്മേളനങ്ങൾ എന്നിവ നടത്തുമ്പോൾ പങ്കെടുക്കുന്നവർക്ക് ആവശ്യമായ കുടിവെള്ളം, തണൽ എന്നിവ ലഭ്യമാണെന്ന് സംഘാടകർ ഉറപ്പുവരുത്തുക. പകൽ 11 മുതൽ വൈകുന്നേരം മൂന്നുവരെ കഴിവതും സമ്മേളനങ്ങൾ ഒഴിവാക്കുക.

യാത്രയിലേർപ്പെടുന്നവർ ആവശ്യമായ വിശ്രമത്തോടെ യാത്ര തുടരുന്നതാകും നല്ലത്. കൈയിൽ വെള്ളം കരുതുക. നിർമാണത്തൊഴിലാളികൾ, കർഷകത്തൊഴിലാളികൾ, വഴിയോരക്കച്ചവടക്കാർ, മറ്റേതെങ്കിലും കാഠിന്യമുള്ള ജോലികളിൽ ഏർപ്പെടുന്നവർ എന്നിവർ ജോലി സമയം ക്രമീകരിക്കുക. ജോലിയിൽ ആവശ്യമായ വിശ്രമം ഉറപ്പ് വരുത്തുക. ഉച്ചവെയിലിൽ കന്നുകാലികളെ മേയാൻ വിടുന്നതും മറ്റു വളർത്തുമൃഗങ്ങളെ വെയിലത്ത് കെട്ടിയിടുന്നതും ഒഴിവാക്കണം. മൃഗങ്ങൾക്കും പക്ഷികൾക്കും ജലലഭ്യത ഉറപ്പാക്കുക. കുട്ടികളെയോ വളർത്തുമൃഗങ്ങളെയോ പാർക്ക് ചെയ്ത വാഹനങ്ങളിൽ ഇരുത്തി പോകാൻ പാടില്ല.

ജലം പാഴാക്കാതെ ഉപയോഗിക്കാനും മഴ ലഭിക്കുമ്പോൾ പരമാവധി ജലം സംഭരിക്കാനുമുള്ള നടപടികൾ സ്വീകരിക്കണം. നിർജലീകരണം തടയാൻ എപ്പോഴും ഒരു ചെറിയ കുപ്പിയിൽ കുടിവെള്ളം കയ്യിൽ കരുതുക. അസ്വസ്ഥകൾ അനുഭവപ്പെട്ടാൽ ഉടനെ വിശ്രമിക്കുകയും വൈദ്യസഹായം തേടുകയും ചെയ്യുക. കാലാവസ്ഥാ വകുപ്പിന്റെയും ദുരന്ത നിവാരണ അതോറിറ്റിയുടെയും ഔദ്യോഗിക മുന്നറിയിപ്പുകൾ ശ്രദ്ധിക്കുകയും അനുസരിക്കുകയും ചെയ്യുക.

# കാസർഗോഡ് സെക്യൂരിറ്റിക്കാരനെ കുത്തിക്കൊന്ന പ്രതി അറസ്റ്റിൽ

ഉപ്പള: കാസർഗോഡ് ഉപ്പളയിൽ സെക്യൂരിറ്റി ജീവനക്കാരനായി ജോലി ചെയ്തിരുന്ന കൊല്ലം ഏഴുകോൺ സ്വദേശി സുരേഷിനെ(45) കുത്തിക്കൊന്ന കേസിലെ പ്രതി അറസ്റ്റിൽ.

ഉപ്പള പത്വാടിയിലെ സവാദിനെയാണ്(24) മഞ്ചേശ്വരം ഇൻസ്പെക്ടർ ഇ. അനൂബ് കുമാറിന്റെ നേതൃത്വത്തിലുള്ള സംഘം അറസ്റ്റ് ചെയ്തത്. ചൊവ്വാഴ്ച രാത്രിയിലാണ് സുരേഷ് കുത്തേറ്റു മരിച്ചത്. പ്രതി കർണാടകയിലേക്ക് കടക്കാൻ സാധ്യതയുണ്ടെന്ന നിഗമനത്തെത്തുടർന്ന് ജില്ലാ പോലീസ് മേധാവി ഡി. ശില്പയുടെ നിർദേശപ്രകാരം മൂന്ന് പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് തെരച്ചിൽ നടത്തിവരികയായിരുന്നു. മഞ്ചേശ്വരത്തെ ബന്ധുവീടിനു സമീപത്തുനിന്നാണ് സവാദ് പിടിയിലായത്. സുരേഷ് ജോലിചെയ്തിരുന്ന കെട്ടിടത്തിനു സമീപം ഒരുമിച്ചിരുന്ന് മദ്യപിക്കുന്നതിനിടയിൽ ഇരുവരും തമ്മിൽ വാക്കേറ്റമുണ്ടായതായാണ് സവാദ് പോലീസിന് നല്കിയ മൊഴി. തന്നെ അസഭ്യം പറഞ്ഞപ്പോഴാണ് സുരേഷിനെ കുത്തിയതെന്നും ഇയാൾ പറഞ്ഞു.

# കൊല്ലത്ത് തടിമില്ലിന് തീപിടിച്ചു

കൊല്ലം: കുറ്റിച്ചിറയിൽ തടി മില്ലിന് തീപിടിച്ചു. പുലർച്ചെ നാലോടെയാണ് തീപിടിത്തമുണ്ടായത്. ഫയർ ഫോഴ്സ് സ്ഥലത്തെത്തി തീയണക്കാൻ ശ്രമം തുടരുകയാണ്.

നടക്കാനിറങ്ങിയവരാണ് തീ കണ്ടത്. ഇവരാണ് വിവരം ഉടമയെ അറിയിച്ചത്. എത്രരൂപയുടെ നാശനഷ്ടമുണ്ടായെന്ന കാര്യത്തിൽ വ്യക്തതയില്ല. തീപിടിക്കാനുണ്ടായ കാരണം വ്യക്തമല്ല.

നേമത്ത് വീടിന് തീപിടിച്ചു; മേൾക്കൂരയും വീട്ടുപകരണങ്ങളും കത്തി നശിച്ചു

# സ്വർണവില വീണ്ടും മുന്നോട്ട്, 64,000 രൂപയിലേക്ക്

കൊച്ചി: രണ്ടുദിവസത്തെ ക്ഷീണത്തിനു ശേഷം വീണ്ടും കുതിച്ചുയർന്ന് സ്വർണം. പവന് 320 രൂപയും ഗ്രാമിന് 40 രൂപയുമാണ് വർധിച്ചത്. ഇതോടെ, ഒരു പവൻ സ്വർണത്തിന് 63,840 രൂപയിലും ഗ്രാമിന് 7,980 രൂപയിലുമാണ് വ്യാപാരം പുരോഗമിക്കുന്നത്. 18 കാരറ്റ് സ്വർണവിലയും ഗ്രാമിന് 30 രൂപ ഉയർന്ന് 6,580 രൂപയിലെത്തി.

ചൊവ്വാഴ്ച വരെ കുതിപ്പ് തുടർന്ന സ്വർണം രാവിലെ ഒറ്റയടിക്ക് 640 രൂപ വർധിച്ചെങ്കിലും ഉച്ചയോടെ മലക്കംമറിഞ്ഞ് 400 രൂപ താഴ്ന്നിരുന്നു. ബുധനാഴ്ച പവന് 560 രൂപയും കുറഞ്ഞു. ഇതോടെ ചൊവ്വാഴ്ച ഉച്ചയോടെയും ബുധനാഴ്ച രാവിലെയുമായി ഗ്രാമിന് 120 രൂപയും പവന് 960 രൂപയുമാണ് കുറഞ്ഞത്. 65,000 കടന്നും സ്വർണവില കുതിക്കുമെന്ന പ്രവചനങ്ങൾക്കിടെയാണ് ഇടിവുണ്ടായത്.

ജനുവരി 22നാണ് പവൻ വില ആദ്യമായി 60,000 കടന്നത്. തുടർന്ന് 24ന് 60, 440 രൂപയായി ഉയർന്ന് സർവകാല റിക്കാർഡിലെത്തി. 31ന് പവന് ഒറ്റയടിക്ക് 960 രൂപ ഉയർന്ന് 61,000 രൂപയെന്ന പുതിയ ഉയരം താണ്ടിയിരുന്നു.

ഈ മാസം ഒന്നിന് ഒരു പവൻ സ്വർണത്തിന് 61,960 രൂപയായിരുന്നു വില. മൂന്നിന് 320 രൂപ ഇടിഞ്ഞെങ്കിലും പിന്നീട് വീണ്ടും കുതിച്ചു. നാലിന് ഒറ്റയടിക്ക് 840 രൂപയും അഞ്ചിന് 760 രൂപയും ആറിന് 200 രൂപയും ഉയരുകയായിരുന്നു. തുടർന്ന് ഏഴിന് മാറ്റമില്ലാതെ തുടർന്ന ശേഷം എട്ടിന് 120 രൂപയും 10ന് 280 രൂപയും ഉയർന്ന സ്വർണം പിന്നീട് 64,000 രൂപയും കടന്നു കുതിക്കുന്ന കാഴ്ചയാണ് കണ്ടത്. ഈമാസം 11ന് കുറിച്ച ഗ്രാമിന് 8,060 രൂപയും പവന് 64,480 രൂപയുമാണ് കേരളത്തിലെ സർവകാല റിക്കാർഡ്.

ആഗോള വിപണിയിലെ ചലനങ്ങളും ഡോളർ ശക്തിയാർജിക്കുന്നത് അടക്കമുള്ള ഘടകങ്ങളുമാണ് സ്വർണവിലയെ സ്വാധീനിക്കുന്നത്. രണ്ടുദിവസം മുമ്പ് ഔൺസിന് 2,942 ഡോളർ എന്ന എക്കാലത്തെയും ഉയരംതൊട്ട രാജ്യാന്തര സ്വർണവില, ബുധനാഴ്ച 2,887 ഡോളറിലേക്ക് വീണിരുന്നു. ഇന്നു വില 2,917 ഡോളറിലേക്ക് തിരിച്ചുകയറി.

അതേസമയം, വെള്ളി നിരക്കിൽ മാറ്റമില്ല. ഒരു ഗ്രാം സാധാരണ വെള്ളിക്ക് 106 രൂപയിലാണ് വ്യാപാരം നടക്കുന്നത്. അതേസമയം, ഹാൾമാർക് വെള്ളിയുടെ വില മാസങ്ങളായി രേഖപ്പെടുത്തിയിട്ടില്ല.

# ബാലരാമപുരത്തെ രണ്ടുവയസുകാരിയുടെ കൊലപാതകം; പ്രതി ഹരികുമാർ മാത്രമെന്ന് പോലീസ്

തിരുവനന്തപുരം: ബാലരാമപുരത്ത് രണ്ടുവയസുകാരിയെ കിണറ്റിലെറിഞ്ഞ് കൊലപ്പെടുത്തിയ സംഭവത്തിൽ പ്രതി ഹരികുമാർ മാത്രമാണെന്ന് പോലീസ്.

കസ്റ്റഡിയിലായിരുന്ന പ്രതി ഹരികുമാർ കേസിൽ കുറ്റംസമ്മതിച്ചതായി അന്വേഷണസംഘം കഴിഞ്ഞ ദിവസം വെളിപ്പെടുത്തിയിരുന്നു. സഹോദരിയോടുള്ള വൈരാഗ്യമാണ് കൊലപാതകത്തിലേക്ക് നയിച്ചത്.

പ്രതി ഹരികുമാർ നടത്തിയ ഞെട്ടിക്കുന്ന വെളിപ്പെടുത്തലും അന്വേഷണസംഘം പുറത്തുവിട്ടു. സഹോദരി ശ്രീതുവുമായി ഇയാൾക്ക് വഴിവിട്ട ബന്ധമുണ്ടായിരുന്നു. കൊലപാതകം നടന്ന ദിവസവും കുഞ്ഞിന്റെ അമ്മ ശ്രീതുവിനെ ഹരികുമാർ മുറിയിലേക്ക് ക്ഷണിച്ചിരുന്നു. കുഞ്ഞ് കരഞ്ഞതോടെ മുറിയിലെത്തിയ ശ്രീതു തിരിച്ച് കുഞ്ഞിന്റെ അടുത്തേക്ക് പോയി. ഈ സംഭവമാണ് പ്രകോപനത്തിന് പിന്നിലെന്നാണ് ഹരികുമാർ പോലീസിനോട് പറഞ്ഞത്. അമ്മ ശ്രീതുവിന് കൊലപാതകത്തിൽ പങ്കില്ലെന്നും പോലീസ് അറിയിച്ചു. അതേസമയം കസ്റ്റഡി കാലാവധി തീർന്നതിനാൽ ഹരികുമാറിനെ ജയിലിലേക്ക് മാറ്റി. ഹരികുമാറിന് മാനസിക രോഗമില്ലെന്ന് ആരോഗ്യ വിദഗ്ധർ സ്ഥിരീകരിച്ചിരുന്നു.

കഴിഞ്ഞ മാസമാണ് രണ്ട് വയസുകാരിയായ ദേവേന്ദുവിനെ മരിച്ച നിലയിൽ കണ്ടെത്തുന്നത്. ഉറങ്ങി കിടക്കുന്ന കുഞ്ഞിനെ കാണാനില്ലെന്ന പരാതിയുടെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിലാണ് മൃതദേഹം കിണറ്റിൽ നിന്നും കണ്ടെത്തിയത്.

# ക്ഷേമ പെൻഷൻ തട്ടിപ്പ്; സർക്കാർ ജീവനക്കാർക്കെതിരായ സസ്പെൻഷൻ പിൻവലിച്ചു

തിരുവനന്തപുരം: അനർഹമായി ക്ഷേമപെൻഷൻ വാങ്ങിയ സർക്കാർ ജീവനക്കാർക്കെതിരെ സ്വീകരിച്ച നടപടി പിൻവലിച്ച് സർക്കാർ. പൊതുമരാമത്ത് വകുപ്പിലെ 31 പേരുടെ സസ്പെൻഷനാണ് പിൻവലിച്ചത്.

പെൻഷൻ തുക തിരിച്ചടച്ച സാഹചര്യത്തിലാണ് പുതിയ തീരുമാനം. 18 ശതമാനം പലിശ സഹിതമാണ് പെൻഷൻ തുക തിരിച്ചടച്ചത്. സംഭവത്തിൽ വകുപ്പുതല അന്വേഷണം തുടരുമെന്നാണ് വിശദീകരണം.

അതേസമയം അനർഹമായി പെൻഷൻ കൈപറ്റിയവർക്കെതിരെയുള്ള അച്ചടക്ക നടപടികൾ ഉപേക്ഷിക്കില്ലെന്ന് വകുപ്പ് സെക്രട്ടറി അറിയിച്ചു.

# അതിരപ്പിള്ളിയിൽ കാട്ടാനക്കുട്ടിയുടെ ജഡം കണ്ടെത്തി

തൃശൂർ: അതിരപ്പള്ളിയിലെ എണ്ണപ്പന തോട്ടത്തിൽ കാട്ടാനക്കുട്ടിയുടെ ജഡം കണ്ടെത്തി. ആനക്കൂട്ടം സമീപത്ത് നിലയുറപ്പിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ വനംവകുപ്പ് ഉദ്യോഗസ്ഥർ സ്ഥലത്തെത്തിയെങ്കിലും ജഡത്തിന് സമീപത്തേക്ക് എത്താനായില്ല. കാട്ടാനക്കൂട്ടം പിരിഞ്ഞുപോയാൽ മാത്രമേ പരിശോധന നടത്താൻ കഴിയൂവെന്ന് വനംവകുപ്പ് അറിയിച്ചു.

# വയനാട്ടിൽ യുവാവിനെ കുത്തിക്കൊന്നു

വയനാട്: പുൽപ്പള്ളിയിൽ യുവാവിനെ കുത്തിക്കൊന്നു. എരിയപ്പള്ളി ഗാന്ധിനഗർ സ്വദേശി റിയാസ്(24)ആണ് കൊല്ലപ്പെട്ടത്. പ്രതികളെ തിരിച്ചറിഞ്ഞിട്ടുണ്ടെന്ന് പോലീസ് അറിയിച്ചു. പ്രതികളെ പിടികൂടാൻ പോലീസ് അന്വേഷണം ആരംഭിച്ചു.

# നേമത്ത് വീടിന് തീപിടിച്ചു; മേൾക്കൂരയും വീട്ടുപകരണങ്ങളും കത്തി നശിച്ചു

തിരുവനന്തപുരം: നേമത്ത് വീട് കത്തി നശിച്ചു. പ്ലാങ്കാലമുക്ക് കുന്നുകാട്ടിൽ വടക്കേ കുഴിവിളാകം സ്വദേശി സുനിൽകുമാറിന്റെ വീടാണ് കത്തിനശിച്ചത്. ബുധനാഴ്ച രാവിലെ പത്തരയോടെയാണ് തീ പിടിത്തമുണ്ടായത്. ഓട് മേഞ്ഞ വീടിന്റെ മേൽക്കൂരയും വീട്ടുപകരണങ്ങളും പൂർണമായി കത്തി നശിച്ചു. പതിനഞ്ച് ലക്ഷത്തിലേറെ രൂപയുടെ നാശനഷ്ടമുണ്ടായതായാണ് വിവരം. ഫയർഫോഴ്സ് എത്തിയപ്പോഴേക്കും മേൽക്കൂര പൂർണമായും കത്തി നശിച്ചു.

# വന്യജീവി ആക്രമണം: രാജിവയ്ക്കണമെന്നത് രാഷ്ട്രീയ ആവശ്യമെന്ന് മന്ത്രി എ. കെ. ശശീന്ദ്രൻ

തിരുവനന്തപുരം: വന്യജീവി ആക്രമണത്തിന്റെ ഉത്തരവാദിത്തം ഏറ്റെടുത്ത് വനംമന്ത്രി രാജിവയ്ക്കണമെന്ന ആവശ്യത്തോട് പ്രതികരിച്ച് മന്ത്രി എ. കെ. ശശീന്ദ്രൻ. രാജിവയ്ക്കണം എന്നു പറയുന്നത് ഒരു രാഷ്ട്രീയ ആവശ്യമാണ്.

ബിഷപ്പുമാർ ഉയർത്തിയത് അങ്ങനെയുള്ള ആവശ്യമാണോ എന്ന് സംശയമുണ്ട്. ബിഷപ്പുമാർ സിദ്ധിയുള്ളവരാണെന്നാണ് തന്റെ ധാരണയെന്നും ആ ധാരണ തെറ്റരുതേയെന്നാണ് പ്രാർഥനയെന്നും എ. കെ. ശശീന്ദ്രൻ പറഞ്ഞു.ഒരു മന്ത്രിയെ വിലയിരുത്താൻ എല്ലാ പൗരന്മാർക്കും അവകാശമുണ്ട്. എന്നാൽ രാജിവച്ചാൽ ഉയർന്നുവന്ന പ്രശ്നം തീരുമോയെന്നും എ. കെ. ശശീന്ദ്രൻ മാധ്യമങ്ങളോടു സംസാരിക്കവെ പറഞ്ഞു. രാജി പ്രശ്നപരിഹാരമല്ല. വന്യജീവി പ്രശ്നത്തിനു ശാശ്വത പരിഹാരമാണു വേണ്ടത്. പ്രശ്നം പരിഹരിക്കാൻ 10 കർമപദ്ധതികൾ നടത്തും. വന്യജീവി ആക്രമണം രൂക്ഷമായി അനുഭവപ്പെടുന്നത് കഴിഞ്ഞ രണ്ടു വർഷമാണ്. അതിനുമുമ്പ് അത് ഇല്ല എന്നല്ല അതിന് അർഥം. നിയമഭേദഗതിക്കായി അഞ്ചുവർഷമായി കേന്ദ്രമന്ത്രിയുടെ പുറകെ നടക്കുകയാണ്. ഈ സാഹചര്യം മറികടക്കണമെങ്കിൽ കേന്ദ്രം കൂടി മനസ് വയ്ക്കണം. കേന്ദ്രം നിലപാട് തിരുത്തിയില്ലെങ്കിൽ നിയമപരമായി മുന്നോട്ടുപോകുന്നത് ആലോചിക്കും.

ആദിവാസി ഗോത്ര വിഭാഗക്കാർക്ക് ഒഴികെ മറ്റാർക്കെങ്കിലും വനത്തിനുള്ളിൽ പോകാൻ അനുവാദം ഉണ്ടോയെന്നും വനംമന്ത്രി ചോദിച്ചു.

# മൂന്ന് പേർക്ക് ആയിരത്തിൽ അധികം ദിവസം; ടിപി കേസ് പ്രതികൾക്ക് വാരിക്കോരി പരോൾ

തിരുവനന്തപുരം: ടി. പി. ചന്ദ്രശേഖരൻ വധക്കേസ് പ്രതികൾക്ക് വാരിക്കോരി പരോൾ നൽകി സർക്കാർ. കെ. സി. രാമചന്ദ്രനും ട്രൗസർ മനോജിനും സജിത്തിനും ആയിരം ദിവസത്തിലധികം പരോൾ ലഭിച്ചു. ആറ് പേർക്ക് 500ൽ അധികം ദിവസവും പരോൾ കിട്ടി.

നിയമസഭയിൽ തിരുവഞ്ചൂർ രാധാകൃഷ്ണന്റെ ചോദ്യത്തിന് മുഖ്യമന്ത്രി നൽകിയ മറുപടിയിലാണ് ഒന്നാം പിണറായി സർക്കാർ അധികാരമേറ്റ ശേഷമുള്ള കണക്ക് പുറത്ത് വന്നത്. കേസിലെ മുഖ്യപ്രതിയായ കൊടി സുനിക്ക് 60 ദിവസമാണ് പരോൾ ലഭിച്ചത്. കെ. സി. രാമചന്ദ്രന് 1081 ദിവസവും അണ്ണൻ സജിത്തിന് 1078 ദിവസവും ട്രൗസർ മനോജിന് 1068 ദിവസവും പരോൾ ലഭിച്ചു. ടി. കെ. രജീഷ് (940), ഷിനോജ് (925), എം. സി. അനൂപ് (900), കിർമാണി മനോജ് (851), റഫീഖ് (782), മുഹമ്മദ് ഷാഫി (656) എന്നിങ്ങനെയാണ് പരോൾ ലഭിച്ച ദിവസങ്ങളുടെ എണ്ണം. 2016 മുതൽ ഇതുവരെ പ്രതികൾക്ക് ലഭിച്ച പരോളിന്റെ കണക്കാണ് നിലവിൽ പുറത്തുവന്നത്.

# കൈക്കൂലിക്കാർക്ക് പിടിവീഴും;അഴിമതിക്കാരായ ഉദ്യോഗസ്ഥരുടെ പട്ടിക തയാറാക്കി വിജിലൻസ്

തിരുവനന്തപുരം: സംസ്ഥാനത്തെ അഴിമതിക്കാരായ ഉദ്യോഗസ്ഥരുടെ പട്ടിക തയാറാക്കി വിജിലൻസ് ഇൻറലിജൻസ്. ഈ പട്ടിക റേഞ്ച് എസ്പിമാർക്ക് നൽകിയിട്ടുണ്ട്. അഴിമതിക്കാരെ കൈയോടെ പിടികൂടണമെന്ന് വിജിലൻസ് ഡയറക്ടർ നിർദേശം നൽകി.

വിവിധ വകുപ്പുകളിലായി 262 പേരുടെ പേരാണ് പട്ടികയിൽ ഉള്ളത്. ഇതിൽ കൂടുതൽ പേരും റവന്യൂ വകുപ്പിലാണ്. രണ്ടാം സ്ഥാനത്തുള്ളത് തദ്ദേശ സ്വയംഭരണ വകുപ്പാണ്. വിജിലൻസിന് ലഭിച്ച പരാതികൾ, ഓഫീസുകൾ കേന്ദ്രീകരിച്ച് വിജിലൻസ് ഇന്റലിജൻസ് നടത്തിയ പരിശോധനയിലെ കണ്ടെത്തലുകൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് പട്ടിക തയാറാക്കിയത്. അഴിമതിക്കാരെ നിരന്തരം നിരീക്ഷിച്ച് കെണിയിലാക്കണമെന്നാണ് നിർദേശം നൽകിയിരിക്കുന്നത്. ആവശ്യക്കാരനെന്ന നിലയിൽ വേഷം മാറി ഇവിടെയെത്തി ഇവരെ പിടികൂടണം. ഓരോ യൂണിറ്റും മാസത്തിൽ ഇത്തരത്തിലുള്ള ഒരു ട്രാപ്പ് കേസെങ്കിലും ഒരുക്കണമെന്നാണ് നിർദേശം.

## ആയുഷ് മിഷനിൽ ഒഴിവ്

നാഷണൽ ആയുഷ് മിഷൻ കേരളം മെഡിക്കൽ ഓഫീസർ (യുനാനി), ജേണലിസ്റ്റ് ട്രെയിനി തസ്തികകളിലേക്ക് കരാർ അടിസ്ഥാനത്തിൽ അപേക്ഷ ക്ഷണിച്ചു. ഫെബ്രുവരി 28 വരെ അപേക്ഷകൾ സമർപ്പിക്കാം. വിശദവിവരങ്ങൾക്ക് : www.nam.kerala.gov.in.

# പാതിവില തട്ടിപ്പ്: ആനന്ദകുമാറിന്റെ മുൻകൂർ ജാമ്യാപേക്ഷ ഇന്ന് പരിഗണിക്കും

തിരുവനന്തപുരം: പാതിവില തട്ടിപ്പ് കേസിൽ പ്രതിയായ സത്യസായി ട്രസ്റ്റ് എക്സിക്യൂട്ടീവ് ഡയറക്ടർ കെ. എൻ. ആനന്ദകുമാറിന്റെ മുൻകൂർ ജാമ്യഹർജി ഇന്ന് തിരുവനന്തപുരം ഒന്നാം പ്രിൻസിപ്പൽ സെഷൻസ് കോടതി പരിഗണിക്കും. ആനന്ദകുമാറിന്റെ പങ്കിനെക്കുറിച്ച് പോലീസ് ഇന്ന് കോടതിയിൽ റിപ്പോർട്ട് നൽകും.

ആനന്ദകുമാർ കേസിലെ രണ്ടാം പ്രതിയാണ്. അനന്തു കൃഷ്ണനാണ് ഒന്നാം പ്രതി. അക്കൗണ്ടിൽ പണം സ്വീകരിച്ച അനന്തുവാണ് തട്ടിപ്പിന്റെ മുഴുവൻ ഉത്തരവാദിയുമെന്നാണ് ആനന്ദകുമാർ ജാമ്യാപേക്ഷയിൽ പറയുന്നത്. മുഴുവൻ സാമ്പത്തിക ഇടപാടുകളും നടത്തിയത് അനന്തുവിന്റെ അക്കൗണ്ടിലൂടെയാണ്. മറ്റ് ഡയറക്ടർമാർക്കോ സായിഗ്രാമിനോ തട്ടിപ്പിനെക്കുറിച്ച് അറിയില്ലെന്നും ജാമ്യഹർജിയിൽ ആനന്ദകുമാർ പറയുന്നു.

പാതിവില തട്ടിപ്പ് കേസിൽ സംസ്ഥാനത്ത് ആകെ 600 കേസുകളാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. 350 എണ്ണം ക്രൈംബ്രാഞ്ചിന് ഇന്ന് കൈമാറിയേക്കും.

# ഒടുവിൽ തീരുമാനമായി; കോഹ്‌ലിയല്ല, ആർസിബിയെ രജത് പാട്ടിദാർ നയിക്കും

ബംഗളൂരു: ഐപിഎൽ 2025 സീസണിൽ റോയൽ ചലഞ്ചേഴ്സ് ബംഗളൂരുവിനെ രജത് പാട്ടിദാർ നയിക്കും. ഇന്ന് രാവിലെ 11.30ന് ചേർന്ന ആർസിബി മാനേജ്മെൻറ് യോഗത്തിലായിരുന്നു പ്രഖ്യാപനം. ഇതോടെ ഐപിഎല്ലിൽ ബംഗളൂരുവിന്റെ എട്ടാമത്തെ ക്യാപ്റ്റനാകും 31കാരനായ പാട്ടിദാർ.

ഇക്കഴിഞ്ഞ മെഗാ ലേലത്തിനു മുൻപ് നിലവിലെ ക്യാപ്റ്റൻ ഫാഫ് ഡുപ്ലെസിയെ ടീം റീലിസ് ചെയ്തിരുന്നു. പകരം വിരാട് കോഹ്‌ലിയെ നായകനാക്കാനായിരുന്നു ടീം മാനേജ്മെൻറ് ആദ്യം തീരുമാനിച്ചിരുന്നത്. എന്നാൽ നായകനാകാൻ താരം വിസമ്മതിച്ചതോടെയാണ് നായകസ്ഥാനത്തേക്ക് പാട്ടിദാറിനെ തെരഞ്ഞെടുത്തത്. സീനിയർ താരം കൃണാൽ പാണ്ഡ്യയെയും ആർസിബി നായക സ്ഥാനത്തേക്ക് പരിഗണിച്ചിരുന്നു.

2021 മുതൽ ആർസിബിയുടെ ഭാഗമായ പാട്ടിദാർ ഐപിഎൽ ചരിത്രത്തിൽ ഫ്രാഞ്ചൈസിയുടെ എട്ടാമത്തെ ക്യാപ്റ്റനാകും. ഐപിഎൽ മെഗാ ലേലത്തിന് മുന്നോടിയായി 11 കോടി രൂപ മുടക്കിയാണ് പാട്ടിദാറിനെ ടീമിൽ നിലനിർത്തിയത്. ആർസിബി ജേഴ്സിയിൽ ഇതുവരെ 27 മത്സരങ്ങൾ കളിച്ച താരം 158.85 സ്ട്രൈക്ക് റേറ്റിൽ 799 റൺസും നേടി.

ആഭ്യന്തര ക്രിക്കറ്റിൽ മധ്യപ്രദേശിന്റെ ക്യാപ്റ്റനാണ് രജത് പാട്ടിദാർ. സയിദ് മുഷ്താഖ് അലി ട്രോഫിക്കിടെ ആർസിബിയുടെ ക്യാപ്റ്റനാവുമോയെന്ന ചോദ്യത്തിന് ഉത്തരവാദിത്തം ഏൽപ്പിച്ചാൽ സന്തോഷത്തോടെ ഏറ്റെടുക്കുമെന്നായിരുന്നു പാട്ടിദാറിന്റെ പ്രതികരണം.




മുഖ്യമന്ത്രി പിണറായി വിജയൻ 49ാം സീനിയർ നാഷണൽ യോഗ സ്പോർട്സ് ചാമ്പ്യൻഷിപ്പ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു

# അബ്ദുൾ റഹീമിന്റെ മോചന കേസ് എട്ടാം തവണയും മാറ്റിവച്ചു

റിയാദ്: സൗദി ജയിലിൽ കഴിയുന്ന കോഴിക്കോട് സ്വദേശി അബ്ദുൾ റഹീമിന്റെ മോചനകാര്യത്തിൽ ഇന്നത്തെ കോടതി സിറ്റിംഗിലും തീരുമാനമുണ്ടായില്ല. നടപടിക്രമങ്ങൾ പൂർത്തിയാകാനുണ്ടെന്ന് പറഞ്ഞ് കേസ് മറ്റൊരു ദിവസത്തേക്ക് മാറ്റിവച്ചു. എട്ടാം തവണയാണ് റിയാദിലെ ക്രിമിനൽ കോടതി കേസ് മാറ്റിവയ്ക്കുന്നത്. ഇന്ന് മോചന ഉത്തരവ് ഉണ്ടാകുമെന്ന പ്രതീക്ഷയിലായിരുന്നു അബ്ദുൾ റഹീമും കുടുംബവും നിയമ സഹായ സമിതിയും. ജൂലൈ രണ്ടിന് അബ്ദുൾ റഹീമിന്റെ വധശിക്ഷ കോടതി റദ്ദാക്കിയെങ്കിലും ജയിൽ മോചനം വൈകുകയാണ്. ബ്ലഡ് മണിയുടെ ചെക്കും രേഖകളും കോടതിയിലെത്തിച്ചതോടെ മോചനത്തിനായുള്ള നടപടിക്രമങ്ങളെല്ലാം പൂർത്തിയായിരുന്നു. തുടർന്നാണ് വധശിക്ഷ റദ്ദ് ചെയ്ത് വിധിയെഴുതിയത്. സൗദി പൗരന്റെ വീട്ടിൽ ജോലി ചെയ്യുകയായിരുന്നു അബ്ദുൾ റഹീം. രോഗിയായ കുട്ടിയെ പരിചരിക്കുന്നതിനിടെ കുട്ടിയുടെ കഴുത്തിൽ സ്ഥാപിച്ച ജീവൻരക്ഷ ഉപകരണം അബ്ദുൾ റഹീമിന്റെ കൈതട്ടി പോകുകയും കുട്ടി മരിക്കുകയുമായിരുന്നു. തുടർന്ന് സൗദി കോടതി അബ്ദുൾ റഹീമിന് വധശിക്ഷ വിധിച്ചത്.

# ഇംഗ്ലണ്ടിനെതിരായ ഏകദിന പരമ്പര തൂത്തുവാരി ഇന്ത്യ

അഹമ്മദാബാദ്: ഇംഗ്ലണ്ടിനെതിരായ ഏകദിന പരമ്പരയിൽ ഇന്ത്യയ്ക്ക് സമ്പൂർണ്ണ വിജയം. അഹമ്മദാബാദിൽ ഇന്ന് നടന്ന മൂന്നാം മത്സരത്തിലും വിജയിച്ചതോടെയാണ് ഇന്ത്യ പരമ്പര തൂത്തുവാരിയത്.

മൂന്നാം ഏകദിനത്തിൽ 142 റൺസിനാണ് ഇന്ത്യ വിജയിച്ചത്. ഇന്ത്യ ഉയർത്തിയ 357 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ഇംഗ്ലണ്ട് 214 റൺസിൽ ഓൾഔട്ടായി. 38 റൺസ് വീതം എടുത്ത ടോം ബാൻറണും ഗസ് അറ്റ്കിൻസണുമാണ് ഇംഗ്ലണ്ടിന്റെ ടോപ് സ്കോറർമാർ. ബെൻ ഡക്കറ്റ് 34 ഉം ജോ റൂട്ട് 24 ഉം ഫിലിപ് സാൾട്ട് 23ഉം റൺസെടുത്തു. മികച്ച തുടക്കം വിജയത്തിലെത്താൻ ഇംഗ്ലീഷ് ടീമിനായില്ല. ഇന്ത്യയ്ക്ക് വേണ്ടി അർഷ്ദീപ് സിംഗും ഹർഷിത് റാണയും അക്സർ പട്ടേലും ഹർദിക് പാണ്ഡ്യയും രണ്ട് വിക്കറ്റ് വീതം എടുത്തു. വാഷിംഗ്ടൺ സുന്ദറും കുൽദീപും യാദവും ഓരോ വിക്കറ്റ് വീതം വീഴ്ത്തി. ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ 50 ഓവറിൽ പത്ത് വിക്കറ്റ് നഷ്ടത്തിലാണ് 356 റൺസ് എടുത്തത്. ശുഭ്മൻ ഗില്ലിന്റെ തകർപ്പൻ സെഞ്ചുറിയുടേയും വിരാട് കോഹ്‌ലിയുടേയും ശ്രേയസ് അയ്യരിൻറേയും അർധസെഞ്ചുറിയുടേയും കെ. എൽ രാഹുലിന്റെ മികച്ച പ്രകടനത്തിന്റെയും മികവിലാണ് ഇന്ത്യ കൂറ്റൻ സ്കോർ പടുത്തുയർത്തിയത്.

112 റൺസാണ് ശുഭ്മൻ ഗിൽ എടുത്തത്. ശ്രേയസ് അയ്യർ 78 ഉം വിരാട് കോഹ്‌ലി 52 ഉം റൺസെടുത്തു. കെ. എൽ രാഹുൽ 40 റൺസാണ് സ്കോർ ചെയ്തത്.

ഇംഗ്ലണ്ടിന് വേണ്ടി ആദിൽ റഷീദ് നാല് വിക്കറ്റെടുത്തു. മാർക്ക് വുഡ് രണ്ട് വിക്കറ്റുകളും സാഖിബ് മാഹ്മൂദും ഗസ് അറ്റ്കിൻസണും ജോ റൂട്ടും ഓരോ വിക്കറ്റ് വീതം വീഴ്ത്തി.

ഇംഗ്ലണ്ടിനെതിരായ ടി20 പരമ്പരയും ഇന്ത്യ സ്വന്തമാക്കിയിരുന്നു. ചാമ്പ്യൻസ് ട്രോഫിക്കൊരുങ്ങുന്ന ടീം ഇന്ത്യയ്ക്ക് ഈ പരമ്പര വിജയം നൽകുന്ന ആത്മവിശ്വാസം ചെറുതല്ല. ഈ മാസം 20ന് ബംഗ്ലാദേശിനെതിരെ ആണ് ചാമ്പ്യൻസ് ട്രോഫിയിലെ ഇന്ത്യയുടെ ആദ്യ മത്സരം.

# പുതിയ ആദായ നികുതി ബിൽ ലോക്സഭയിൽ അവതരിപ്പിച്ചു; വ്യവസ്ഥകൾ ലഘൂകരിച്ചെന്ന് ധനമന്ത്രി

ന്യൂഡൽഹി: ആദായ നികുതി നിയമത്തിന്റെ സമഗ്രപരിഷ്കരണം ലക്ഷ്യമിട്ട് തയാറാക്കിയ പുതിയ ബിൽ ധനമന്ത്രി നിർമല സീതാരാമൻ ലോക്സഭയിൽ അവതരിപ്പിച്ചു. ബില്ലിൽ വ്യവസ്ഥകൾ ലഘൂകരിച്ചിട്ടുണ്ടെന്നും നികുതി ഘടന ലഘുവാക്കിയെന്നും മന്ത്രി അറിയിച്ചു.പ്രതിപക്ഷ പ്രതിഷേധത്തിനിടെയാണ് ലോക്സഭയിൽ ബിൽ അവതരിപ്പിച്ചത്. സാധാരണക്കാർക്ക് മനസിലാകുന്ന രീതിയിലാണ് ബില്ല് അവതരിപ്പിച്ചിരിക്കുന്നതെന്ന് ധനമന്ത്രി വ്യക്തമാക്കി. പഴയ നിയമപ്രകാരം മുൻ വർഷത്തെ (പ്രീവിയസ് ഇയർ) വരുമാനത്തിനാണ് വിലയിരുത്തൽ വർഷത്തിൽ (അസസ്മെൻറ് ഇയർ) നികുതി നൽകുന്നത്. എന്നാൽ, പുതിയ ബില്ലിൽ നികുതി വർഷം (ടാക്സ് ഇയർ) മാത്രമേയുള്ളൂ. വിലയിരുത്തൽ വർഷം എന്നത് ബില്ലിൽനിന്ന് ഒഴിവാക്കി. കൂടാതെ ആധുനികകാലത്തെ മുന്നിൽക്കണ്ട് വെർച്വൽ ഡിജിറ്റൽ ആസ്തികൾ, ക്രിപ്റ്റോ ആസ്തികൾ എന്നിവയിൽ കൂടുതൽ വ്യക്തത വരുത്താനും പുതിയ ബില്ലിൽ ശ്രമിച്ചിട്ടുണ്ട്. പുതിയ നിയമം 2025 ഏപ്രിൽ ഒന്നു മുതൽ നടപ്പാക്കാനാണ് ലക്ഷ്യമിടുന്നത്. അതേസമയം മാർച്ച് 10 വരെ ലോക്സഭ പിരിഞ്ഞു.

വാഷിംഗ്ടൺ ഡിസി: റഷ്യൻ-യുക്രൈൻ യുദ്ധം അവസാനിപ്പിക്കാൻ ശ്രമം തുടങ്ങിയതായി ഡോണൾഡ് ട്രംപ്. റഷ്യൻ പ്രസിഡൻറ് വ്ളാദിമർ പുടിൻ, യുക്രൈൻ പ്രസിഡൻറ് സെലൻസ്കി എന്നിവരുമായി ട്രംപ് ഫോണിൽ സംസാരിച്ചു. യുദ്ധം അവസാനിപ്പിക്കാനുള്ള ചർച്ചകൾക്കു പുടിൻ സമ്മതമറിയിച്ചതായി ട്രംപ് അവകാശപ്പെട്ടു. പുടിനെപ്പോലെ സെലൻസ്കിയും സമാധാനം ആഗ്രഹിക്കുന്നതായി അറിയിച്ചുവെന്നും ട്രംപ് പറഞ്ഞു. ഇരുനേതാക്കളും ട്രംപുമായി സംസാരിച്ച കാര്യം റഷ്യയും യുക്രൈനും സ്ഥിരീകരിച്ചെങ്കിലും യുദ്ധം അവസാനിപ്പിക്കുന്നതുമായി ബന്ധപ്പെട്ട മധ്യസ്ഥ ചർച്ചകളുടെ കൂടുതൽ വിശദാംശങ്ങൾ വെളിപ്പെടുത്തിയിട്ടില്ല. ഒന്നര മണിക്കൂർ നീണ്ട ഫോൺ സംഭാഷണത്തിൽ ട്രംപിനെ പുടിൻ മോസ്കോയിലേക്ക് ക്ഷണിച്ചതായി റഷ്യ അറിയിച്ചു. സമാധാനം കൈവരിക്കാനുള്ള അവസരം ഉൾപ്പെടെ ചർച്ചയായെന്നായിരുന്നു സെലൻസ്കിയുടെ പ്രതികരണം.

# പ്രധാനമന്ത്രി അമേരിക്കയിൽ; ട്രംപുമായി നിർണായക ചർച്ച ഇന്ന്

വാഷിംഗ്ടൺ ഡിസി: പ്രധാനമന്ത്രി നരേന്ദ്രമോദി അമേരിക്കയിലെത്തി. വാഷിംഗ്ടണിലെത്തിയ പ്രധാനമന്ത്രിക്ക് ഊഷ്മള സ്വീകരണമാണ് ലഭിച്ചത്.

യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപുമായി നിർണായക വിഷയങ്ങളിൽ മോദി ചർച്ചനടത്തും. രണ്ടു ദിവസത്തെ പര്യടനത്തിനാണ് മോദി അമേരിക്കയിലെത്തിയിരിക്കുന്നത്. ഫ്രഞ്ച് തലസ്ഥാനമായ പാരീസിൽ നിർമിത ബുദ്ധി ഉച്ചകോടിയും തുടർന്ന് പ്രസിഡൻറ് ഇമ്മാനുവൽ മാക്രോണുമായുള്ള ഉഭയകക്ഷി ചർച്ചകൾക്കും ശേഷമാണ് പ്രധാനമന്ത്രി യുഎസിലേക്കു യാത്രതിരിച്ചത്.

വാഷിംഗ്ടണിൽ യുഎസ് പ്രസിഡൻറിന്റെ ഔദ്യോഗിക വസതിയായ വൈറ്റ്ഹൗസിനോടു ചേർന്നുള്ള ഔദ്യോഗിക താമസസ്ഥലമായ ബ്ലയർഹൗസിലാണു പ്രധാനമന്ത്രി തങ്ങുന്നത്.

ട്രംപുമായുള്ള ഉഭയക്ഷി സംഭാഷണം ഉൾപ്പെടെ ആറ് ചർച്ചകളിൽ പ്രധാനമന്ത്രി മോദി പങ്കെടുക്കും. ഇന്ന് വൈകുന്നേരം നാലിന് വൈറ്റ് ഹൗസിലാണു ട്രംപുമായി കൂടിക്കാഴ്ച. തുടർന്ന് യുഎസ് പ്രസിഡൻറ് ഒരുക്കുന്ന സ്വകാര്യവിരുന്ന്. ഓവൽ ഓഫീസിൽ ഇരുവരും മാധ്യമങ്ങളെ കാണാനും സമയം നീക്കിവയ്ക്കും.

# ഐഎസ്എൽ: മുംബൈ സിറ്റിക്കെതിരെ എഫ്സി ഗോവയ്ക്ക് തകർപ്പൻ ജയം

മുംബൈ: ഐഎസ്എല്ലിൽ മുംബൈ സിറ്റിക്കെതിരായ മത്സരത്തിൽ എഫ്സി ഗോവയ്ക്ക് ജയം. ഒന്നിനെതിരെ മൂന്ന് ഗോളുകൾക്കാണ് എഫ്സി ഗോവ വിജയിച്ചത്.

ഗോവയ്ക്ക് വേണ്ടി ഐകർ ഗരത്സേന രണ്ട് ഗോളുകളും ബോർജ ഹെരേര ഒരു ഗോളും നേടി. ലാലിയൻസുവാല ചാംഗ്തെയാണ് മുംബൈ സിറ്റിക്കായി ഗോൾ സ്കോർ ചെയ്തത്. വിജയത്തോടെ എഫ്സി ഗോവയ്ക്ക് 39 പോയിൻറായി. നിലവിൽ പോയിൻറ് ടേബിളിൽ രണ്ടാം സ്ഥാനത്താണ് എഫ്സി ഗോവ.

നെടുന്പാശേരി വിമാനത്താവളത്തിലും തിരുവനന്തപുരം റെയിൽവേ സ്റ്റേഷനിലും ബോംബ് ഭീഷണി

കൊച്ചി: നെടുമ്പാശേരി വിമാനത്താവളത്തിലും തിരുവനന്തപുരം റെയിൽവേ സ്റ്റേഷനിലും ബോംബ് വെച്ചിട്ടുണ്ടെന്ന് ഭീഷണി. രണ്ട് സ്ഥലങ്ങളിലും ബോംബ് സ്ക്വാഡ് പരിശോധന നടത്തുകയാണ്.

പോലീസിന്റെ എഫ്ബി മെസഞ്ചറിലേക്കാണ് ബോംബ് ഭീഷണി സന്ദേശമെത്തിയത്. തെലങ്കാനയിൽ നിന്നാണ് സന്ദേശം അയച്ചതെന്ന് വ്യക്തമായതായി പോലീസ് അറിയിച്ചു. അയച്ച ആളെക്കുറിച്ചും സൂചന ലഭിച്ചിട്ടുണ്ട്. പോലീസ് സംഘം തെലങ്കാനയിലേക്ക് പോകുമെന്നാണ് അറിയിച്ചിട്ടുള്ളത്.

# പാരീസ് ഉടമ്പടിയിൽ ഉറച്ചു നിൽക്കുമെന്ന് ഇന്ത്യയും ഫ്രാൻസും

പാരിസ്: അമേരിക്കൻ പ്രസിഡൻറ് ഡോണൾഡ് ട്രംപിന്റെ നിലപാട് തള്ളിയ ഇന്ത്യയും ഫ്രാൻസും പാരീസ് ഉടമ്പടിയിൽ ഉറച്ചു നിൽക്കാൻ തീരുമാനിച്ചു. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ഫ്രാൻസ് സന്ദർശനത്തിനിടെയാണ് തീരുമാനം. സൈനികേതര ആണവോർജ മേഖലയിൽ ഫ്രാൻസുമായുള്ള ബന്ധം ശക്തമാക്കാനും ഇന്ത്യ തീരുമാനിച്ചു. പ്രധാനമന്ത്രി നരേന്ദ്ര മോദിയും ഇമ്മാനുവൽ മാക്രോണും തമ്മിൽ നടത്തിയ ചർച്ചയിൽ ചെറിയ റിയാക്ടറുകൾ സ്ഥാപിക്കുന്നതിൽ അടക്കം സഹകരിക്കാൻ ധാരണയായി. ചൊവ്വാഴ്ച ഫ്രാൻസിൽ നടന്ന എ ഐ ഉച്ചകോടിയിൽ ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോണിനൊപ്പം സഹ അധ്യക്ഷനായാണ് മോദി പങ്കെടുത്തത്. ഇതിനുശേഷം മാർസെയിലെത്തിയ ഇരു നേതാക്കളും രാത്രി നടത്തിയ ചർച്ചയിലാണ് സൈനികേതര ആണവോർജ രംഗത്തെ ബന്ധം ശക്തിപ്പെടുത്താൻ ധാരണയായത്.

ചെറിയ ആണവ റിയാക്ടറുകൾ സ്ഥാപിക്കാൻ ഫ്രഞ്ച് കമ്പനികളെ ഇന്ത്യയിലേക്ക് മോദി ക്ഷണിച്ചു. ഇന്ന് ഉച്ചക്ക് മാർസെയിൽ ഇന്ത്യൻ കോൺസുലേറ്റ് മോദിയും മക്രോണും ചേർന്ന് ഉദ്ഘാടനം ചെയ്തു. ഇന്ത്യയിൽ പുതിയ നാഷണൽ മ്യൂസിയം നിർമ്മിക്കാൻ സഹകരിക്കുമെന്ന് ഫ്രാൻസ് വ്യക്തമാക്കി.

# സിഖ് വിരുദ്ധ കലാപം: കോൺഗ്രസ് മുൻ എംപി സജ്ജൻ കുമാർ കുറ്റക്കാരൻ

ന്യൂഡൽഹി: 1984ലെ സിഖ് വിരുദ്ധ കലാപവുമായി ബന്ധപ്പെട്ട കേസിൽ മുൻ കോൺഗ്രസ് എംപി സജ്ജൻ കുമാർ കുറ്റക്കാരനെന്ന് കോടതി. 1984 നവംബറിൽ ഡൽഹി സരസ്വതി വിഹാറിൽ ഒരു കുടുംബത്തിലെ അച്ഛനും മകനും കൊല്ലപ്പെട്ട കേസിലാണ് സജ്ജൻ കുമാർ കുറ്റക്കാരനെന്ന് ഡൽഹി റോസ് അവന്യൂ കോടതി കണ്ടെത്തിയത്.

ഈ മാസം 18ന് കേസിൽ ശിക്ഷ വിധിക്കും. നിലവിൽ സിഖ് വിരുദ്ധ കലാപവുമായി ബന്ധപ്പെട്ട കേസിൽ ശിക്ഷിക്കപ്പെട്ട് തിഹാർ ജയിലിൽ കഴിയുകയാണ് സജ്ജൻ കുമാർ. ജസ്വന്ത് സിംഗ് മകൻ തരുൺദീപ് സിംഗ് എന്നിവരാണ് 1984 നവംബർ ഒന്നിന് കൊല്ലപ്പെട്ടത്. പഞ്ചാബി ബാഗ് പോലീസ് ആദ്യം കേസ് രജിസ്റ്റർ ചെയ്തെങ്കിലും പിന്നീട് പ്രത്യേക അന്വേഷണ സംഘം കേസ് ഏറ്റെടുത്തിരുന്നു.

# ഹിന്ദു യുവതിയെ വിവാഹം ചെയ്യാൻ ശ്രമിച്ചതിന് യുവാവിനെതിരെ പോലീസ് കേസ്

ഭോപ്പാൽ: സ്പെഷ്യൽ മാര്യേജ് ആക്ട് പ്രകാരം വിവാഹം രജിസ്റ്റർ ചെയ്യാൻ കോടതിയിൽ എത്തിയതിന് പിന്നാലെ മർദനമേറ്റ യുവാവിനെതിരെ പോലീസ് കേസ്. ഹിന്ദു യുവതിയെ വിവാഹം ചെയ്യാൻശ്രമിച്ചു എന്നതാണ് ഇയാൾക്കെതിരെയുള്ള കുറ്റം. കഴിഞ്ഞ ദിവസമാണ് ഭോപ്പാലിലെ ജില്ലാ കോടതിയിൽ ഹിന്ദു യുവതിയെ വിവാഹം ചെയ്യണമെന്ന ആവശ്യവുമായി മുസ്‌ലീം യുവാവ് എത്തിയത്. ഇതിനു പിന്നാലെ ഇയാളെ ഒരു സംഘമാളുകൾ കോടതിയിലും പോലീസ് പോസ്റ്റിനു പുറത്തും പോലീസ് വാഹനത്തിനുള്ളിൽ വച്ചും ക്രൂരമായി മർദിച്ചു. പോലീസ് ഉദ്യോഗസ്ഥർ സംഭവസ്ഥലത്ത് ഉണ്ടായിരുന്നെങ്കിലും അവർ ഇടപെട്ടില്ല. മാത്രമല്ല യുവാവിനെതിരെ കേസുമെടുത്തു. താൻ സമീപിച്ച അഭിഭാഷകൻ 40, 000 രൂപ വാങ്ങിയെങ്കിലും വിവാഹം നടത്താൻ വിസമ്മതിച്ചുവെന്നും അക്രമികളെ വിളിച്ചുവരുത്തിയെന്നും മർദനമേറ്റ സയ്യിദ് ഖാൻ ആരോപിച്ചു.

# സെഞ്ചുറിയുമായി അസലങ്ക, നാല് വിക്കറ്റുമായി തീക്ഷണ; ഓസീസിനെ തകർത്ത് ശ്രീലങ്ക

കൊളംന്പോ: ഓസ്ട്രേലിയയ്ക്കെതിരായ ഏകദിന പരന്പരയിലെ ആദ്യ മത്സരത്തിൽ ശ്രീലങ്കയ്ക്ക് തകർപ്പൻ ജയം. കൊളംന്പോയിൽ നടന്ന മത്സരത്തിൽ 49 റൺസിനാണ് ശ്രീലങ്ക ഓസ്ട്രേലിയ തകർത്തത്. ശ്രീലങ്ക ഉയർത്തിയ 215 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ഓസ്ട്രേലിയ 33.5 ഓവറിൽ ഓൾഔട്ടായി. 41 റൺസെടുത്ത അലക്സ് കാരിക്കും 32 റൺസെടുത്ത ആരോൺ ഹാർഡിക്കും മാത്രമാണ് ഓസീസ് നിരയിൽ തിളങ്ങാനായത്. സീൻ അബോട്ടും ആദം സാംപയും 20 റൺസ് വീതമെടുത്തു. ശ്രീലങ്കയ്ക്ക് വേണ്ടി നാല് വേണ്ടി നാല് വിക്കറ്റെടുത്ത മഹീഷ് തീക്ഷണയും രണ്ട് വിക്കറ്റ് വീതം വീഴ്ത്തിയ അഷിത ഫെർണാണ്ടോയും ഡുനിത് വെല്ലാലഗെയും ആണ് ഓസ്ട്രേലിയൻ ബാറ്റിംഗ് നിരയെ തകർത്തത്. വനിന്ദു ഹസരങ്കെയും ചരിത് അസലങ്കയും ഓരോ വിക്കറ്റ് വീതം എടുത്തു. ആദ്യം ബാറ്റ് ചെയ്ത ശ്രീലങ്ക 46 ഓവറിലാണ് പത്ത് വിക്കറ്റ് നഷ്ടത്തിലാണ് 214 റൺസെടുത്തത്. വെടിക്കെട്ട് സെഞ്ചുറിയുമായി ഒറ്റയാൾ പോരാട്ടം നടത്തിയ ക്യാപ്റ്റൻ ചരിത് അസലങ്കയുടെ ബാറ്റിംഗ് മികവിലാണ് ആതിഥേയർ മാന്യമായ സ്കോറിലെത്തിയത്. 126 പന്തിൽ 14 ബൗണ്ടറികളും അഞ്ചു സിക്സറുമുൾപ്പെടെ 127 റൺസാണ് അസലങ്ക അടിച്ചുകൂട്ടിയത്. അതേസമയം, നായകനു പുറമേ, കുശാൽ മെൻഡിസ് (19), ജനിത് ലിയാനഗെ (11), ദുനിത് വെല്ലാലഗെ എന്നിവർക്കു മാത്രമേ രണ്ടക്കമെങ്കിലും കടക്കാനായുള്ളൂ. ഓസ്ട്രേലിയയ്ക്കു വേണ്ടി സീൻ ആബട്ട് മൂന്നുവിക്കറ്റ് വീഴ്ത്തിയപ്പോൾ സ്പെൻസർ ജോൺസൺ, ആരോൺ ഹാർഡി, നഥാൻ എല്ലിസ് എന്നിവർ രണ്ടുവിക്കറ്റ് വീതവും മാത്യു ഷോർട്ട് ഒരുവിക്കറ്റും വീഴ്ത്തി. വിജയത്തോടെ പരന്പരയിൽ ശ്രീലങ്ക 1-0 ത്തിന് മുന്നിലെത്തി.

# വയനാട്ടിൽ യുഡിഎഫ് ഹർത്താലിനിടെ സംഘർഷം; പ്രവർത്തകരെ പോലീസ് കസ്റ്റഡിയിലെടുത്തു

കൽപ്പറ്റ: വയനാട്ടിൽ യുഡിഎഫ് ആഹ്വാനംചെയ്ത ഹർത്താലിനിടെ പോലീസും പ്രവർത്തകരും തമ്മിൽ സംഘർഷം. ലക്കിടിയിലാണ് സംഘർഷമുണ്ടായത്.പ്രവർത്തകർ റോഡിൽ പ്രതിഷേധിച്ചതോടെ പ്രദേശത്ത് വാഹനക്കുരുക്ക് രൂപപ്പെടുകയായിരുന്നു. തുടർന്ന് പ്രവർത്തകരെ പോലീസ് കസ്റ്റഡിയിലെടുത്തു.സ്ഥലത്ത് പോലീസും പ്രവർത്തകരും തമ്മിൽ ഉന്തും തള്ളുമുണ്ടായി. വൈത്തിരി വാർഡ് മെമ്പർ ജ്യോതിഷിനെ അടക്കം പോലീസ് കസ്റ്റഡിയിലെടുത്തിട്ടുണ്ട്.

# തൊഴിലധിഷ്ഠിത കമ്പ്യൂട്ടർ കോഴ്സ്

കേരള സർക്കാരിന്റെ നിയന്ത്രണത്തിലുള്ള തിരുവനന്തപുരം എൽ.ബി.എസ് സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജിയുടെ തിരുവനന്തപുരം സെന്ററിൽ മാർച്ചിൽ ആരംഭിക്കുന്ന കമ്പ്യൂട്ടറൈസ്ഡ് ഫിനാൻഷ്യൽ അക്കൗണ്ടിങ് ആൻഡ് ജി എസ് ടി യൂസിങ് ടാലി കോഴ്സിന് പ്ലസ്ടു കൊമേഴ്സ്/ ബി.കോം പാസായവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. www.lbscentre.kerala.gov.in വെബ്സൈറ്റ് മുഖേന ഫെബ്രുവരി 28 വരെ അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക്: 0471-2560333, 9995005055.

# രഞ്ജി ട്രോഫിയിൽ കേരളം സെമിയിൽ

പൂന: രഞ്ജി ട്രോഫിയിൽ കേരളം സെമിയിൽ. ക്വാർട്ടറിൽ ജമ്മു കാഷ്മീരിനെ സമനിലയിൽ തളച്ചാണ് കേരളത്തിന്റെ സെമി പ്രവേശനം. രണ്ടാം ഇന്നിങ്സിൽ സൽമാൻ നിസാറും മുഹമ്മദ് അസ്ഹറുദ്ദീനും തീർത്ത പ്രതിരോധമാണ് കേരളത്തിനു കരുത്തായത്.

സ്കോർ: ജമ്മു കാഷ്മീർ 280, 399-9.കേരളം 281,295-6.

ഒന്നാം ഇന്നിംഗ്സിൽ നേടിയ ഒരു റൺസിന്റെ ലീഡാണ് കേരളത്തിന് നിർണായകമായത്. ഇത് രണ്ടാം തവണയാണ് കേരളം രഞ്ജി ട്രോഫി സെമിയിലെത്തുന്നത്. സെമിയിൽ കേരളം ഗുജറാത്തിനെ നേരിടും.

399 റൺസ് വിജയലക്ഷ്യം പിന്തുടരുന്ന കേരളം അവസാന ദിനം ആറുവിക്കറ്റ് നഷ്ടത്തിൽ 295 റൺസെടുത്തു. 162 പന്തിൽ 44 റൺസുമായി സൽമാൻ നിസാറും 118 പന്തിൽ 67 റൺസുമായി മുഹമ്മദ് അസ്ഹറുദ്ദീനും നങ്കൂരമിട്ടത് കാഷ്മീരിന് തിരിച്ചടിയായി.

183 പന്തിൽ 48 റൺസെടുത്ത അക്ഷയ് ചന്ദ്രനും 162 പന്തിൽ 48 റൺസെടുത്ത നായകൻ സച്ചിൻ ബേബിയും മികച്ച പ്രകടനം കാഴ്ചവച്ചു. രോഹൻ കുന്നുമ്മൽ 36 റൺസും ജലജ് സക്സേന 18 റൺസും നേടിയിരുന്നു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# റാന്നിയിലെ റീന കൊലക്കേസ്; ഭർത്താവ് മനോജിന് ജീവപര്യന്തം

പത്തനംതിട്ട: റാന്നിയിൽ മക്കളുടെ മുന്നിലിട്ട് അമ്മയെ കൊലപ്പെടുത്തിയ കേസിൽ പ്രതിയായ അച്ഛൻ മനോജിന് ജീവപര്യന്തം. റാന്നി പൂഴിക്കുന്ന് സ്വദേശി റീനയെ കൊലപ്പെടുത്തിയ കേസിലാണ് ഭർത്താവ് മനോജിന് 11 വർഷത്തിന് ശേഷം ശിക്ഷ വിധിച്ചത്.

പത്തനംതിട്ട അഡീഷണൽ ജില്ലാ സെഷൻസ് കോടതിയുടേതാണ് വിധി. ഹീനമായ കൊലപാതകമാണ് നടന്നതെന്ന് കോടതി നിരീക്ഷിച്ചു. കുട്ടികളുടെ മൊഴിയടക്കം പരിഗണിച്ചുകൊണ്ടാണ് പ്രതി കുറ്റക്കാരനാണെന്ന് കോടതി കണ്ടെത്തിയത്. മനോജിനെതിരെ കൊലപാതകം, തടഞ്ഞുവയ്ക്കൽ എന്നീ കുറ്റങ്ങൾ തെളിഞ്ഞതായി കോടതി നിരീക്ഷിച്ചിരുന്നു. 2014 ഡിസംബർ 28ന് പുലർച്ചെയാണ് കേസിനാസ്പദമായ സംഭവം. സംശയത്തെ തുടർന്ന് റീനയെ കുട്ടികളുടെ മുന്നിൽവച്ച് അതിക്രൂരമായി കൊലപ്പെടുത്തുകയായിരുന്നു. മനോജ് ആദ്യം ഇഷ്ടികകൊണ്ട് റീനയുടെ തലയ്ക്കടിക്കുകയായിരുന്നു. പിന്നാലെ ഇയാൾ റീനയുടെ വസ്ത്രങ്ങൾ വലിച്ചുകീറി. പുറത്തേക്കോടിയ റീനയുടെ തലയിൽ ജാക്കി ലിവറുകൊണ്ട് അടിച്ച് ഗുരുതരമായി പരിക്കേൽപ്പിച്ചു.

തുടർന്ന് അവശനിലയിലായ റീനയുടെ തല ഓട്ടോറിക്ഷയിൽ ഇടിപ്പിച്ചു. അതീവ ഗുരുതരാവസ്ഥയിലായ ഇവർ പിന്നീട് കോട്ടയം മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സയിലിരിക്കെയാണ് മരണം സംഭവിച്ചത്.

# ബാലരാമപുരത്ത് കൊല്ലപ്പെട്ട രണ്ടുവയസുകാരിയുടെ അമ്മയെ പോലീസ് പീഡിപ്പിച്ചെന്ന് പരാതി

തിരുവനന്തപുരം: ബാലരാമപുരത്ത് അമ്മാവൻ കിണറ്റിലെറിഞ്ഞു കൊന്ന രണ്ടുവയസുകാരിയുടെ അമ്മയെ പോലീസ് ഉദ്യോഗസ്ഥൻ പീഡിപ്പിച്ചെന്ന് പരാതി. എസ്പി ഓഫീസിലെ സിവിൽ പോലീസ് ഓഫീസർക്കെതിരെ യുവതി നടത്തിയ വെളിപ്പെടുത്തലിൽ ബാലരാമപുരം പോലീസ് കേസെടുത്തു. ദേവസ്വം ബോർഡിലെ ഉന്നത ഉദ്യോഗസ്ഥയെന്ന് പരിചയപ്പെടുത്തി ജോലി വാഗ്ദാനം ചെയ്ത് സാമ്പത്തിക ക്രമക്കേട് നടത്തിയ കേസിൽ ചോദ്യം ചെയ്തപ്പോഴാണ് ഗിരി എന്ന പോലീസുകാരൻ തന്നോട് പണം വാങ്ങിയിട്ടുണ്ടെന്നും ലൈംഗികമായി പീഡിപ്പിച്ചിട്ടുണ്ടെന്നും യുവതി വെളിപ്പെടുത്തിയത്. എന്നാൽ, കേസുമായി ബന്ധപ്പെട്ട ചോദ്യം ചെയ്യലിനിടെ പലരേയും സംബന്ധിച്ച് യുവതി ഇത്തരത്തിൽ ആരോപണം ഉന്നയിക്കുന്നുണ്ടെന്നും ഇത് പലതും അന്വേഷിക്കുമ്പോൾ വ്യക്തതയില്ലെന്നും ബാലരാമപുരം പോലീസ് പറയുന്നു. പണം വാങ്ങിയെന്ന് പലരുടെയും പേരിൽ യുവതി ആരോപണം ഉന്നയിച്ചിട്ടുണ്ട്. അതെല്ലാം അന്വേഷിച്ച് വരികയാണ്. മകളുടെ കൊലപാതകത്തിനു പിന്നാലെ ദേവസ്വം ദേവസ്വം ബോർഡിൽ ജോലി വാഗ്ദാനം ചെയ്ത് പലരിൽ നിന്നായി പണം തട്ടിയതിന് യുവതിക്കെതിരേ പോലീസ് കേസെടുത്തിരുന്നു.ചോറ്റാനിക്കരയിൽ യുവതി ക്രൂര പീഡനത്തിനിരയായി മരിച്ച സംഭവം; ആൺസുഹൃത്തിനെതിരേ നരഹത്യാക്കുറ്റം ചുമത്തി

# ഇൻസ്റ്റഗ്രാം പ്രണയം: കണ്ണൂർ സ്വദേശിനിക്ക് നഷ്ടമായത് 25 പവൻ

തലശേരി: ഇൻസ്റ്റഗ്രാം മുഖേന പരിചയപ്പെട്ട യുവാവ് 25 പവൻ തട്ടിയെടുത്ത പരാതിയിൽ പോലീസ് കേസെടുത്തു. കണ്ണൂർ ചൊവ്വ സ്വദേശിനിയായ യുവതിയുടെ പരാതിയിലാണ് തലശേരി ടൗൺ പോലീസ് കേസെടുത്തത്. വിവാഹമോചിതയായ യുവതി കുറച്ചുനാളുകൾക്ക് മുന്പാണ് ഇൻസ്റ്റഗ്രാം വഴി യുവാവിനെ പരിചയപ്പെടുന്നത്. പിന്നീട് പ്രണയത്തിലാകുകയും യുവതിയോട് സ്വർണാഭരണങ്ങളുമായി വീടു വിട്ടുവരാൻ യുവാവ് ആവശ്യപ്പെടുകയും ചെയ്തു. ഇൻസ്റ്റഗ്രാമിൽ പോലും യുവാവിന്റെ ഫോട്ടോ യുവതി കണ്ടിരുന്നില്ല. വിവാഹ വാഗ്ദാനം നൽകിയാണ് യുവാവ് തട്ടിപ്പ് നടത്തിയത്.

യുവാവിന്റെ നിർദേശപ്രകാരം ആദ്യ ഭർത്താവിലെ കുട്ടിയുമൊത്ത് യുവതി തലശേരി റെയിൽവേ സ്റ്റേഷനിലെത്തി. റെയിൽവേ സ്റ്റേഷനിൽ എത്തിയ യുവതിയോട് കൈവശമുള്ള സ്വർണാഭരണം സ്റ്റേഷനിലെത്തുന്ന സുഹൃത്തിന് നൽകാൻ കാമുകനായ യുവാവ് പറഞ്ഞു. യുവതി സ്വർണാഭരണം യുവാവിന്റെ സുഹൃത്തെന്ന് പറഞ്ഞയാളിന് നൽകി. യുവാവിനെ കാണാൻ യുവതിയോട് കോഴിക്കോട് പോകാൻ പറഞ്ഞ സുഹൃത്ത് വാഹനവും ഏർപ്പാടാക്കി നൽകി. കോഴിക്കോട് എത്തിയ യുവതിക്ക് കാമുകനെ കണ്ടെത്താൻ കഴിഞ്ഞില്ല. ഇൻസ്റ്റഗ്രാമിൽ ബന്ധപ്പെടാൻ ശ്രമിച്ചെങ്കിലും കഴിഞ്ഞില്ല.

ഇതോടെ യുവതി താൻ തട്ടിപ്പിനിരയായെന്ന് ബന്ധുക്കളെ വിവരം അറിയിച്ചു. കണ്ണൂരിൽനിന്ന് ബന്ധുക്കൾ കോഴിക്കോട് പോയി യുവതിയെ നാട്ടിലേക്ക് കൊണ്ടുവരികയായിരുന്നു. തുടർന്ന് ബന്ധുക്കൾക്കൊപ്പം ടൗൺ പോലീസ് സ്റ്റേഷനിലെത്തി പരാതി നൽകി. സംഭവത്തിൽ പോലീസ് കേസെടുത്ത് അന്വേഷണം ഊർജിതമാക്കി. തൊപ്പിവച്ച മെറൂൺ കളർ ഷർട്ട് ധരിച്ചയാളാണ് യുവതിയുടെ സ്വർണം തട്ടിയെടുത്തതെന്നാണ് പോലീസിനു ലഭിച്ചിട്ടുള്ള പ്രാഥമിക വിവരം. തട്ടിപ്പ് നടത്തിയ വ്യക്തി കോഴിക്കോട് സ്വദേശിയാണെന്നും സൂചനയുണ്ട്. തട്ടിപ്പ് നടന്ന റെയിൽവെ സ്റ്റേഷൻ പരിസരത്തെ സിസിടിവി ദൃശ്യങ്ങൾ പോലീസ് പരിശോധിച്ചു വരികയാണ്.

# തിരൂരിലെ സ്വകാര്യ ക്വാട്ടേഴ്സിൽ യുവാവ് മരിച്ച നിലയിൽ; കൊലപാതകമെന്ന് സംശയിക്കുന്നെന്ന് പോലീസ്

മലപ്പുറം: തിരൂരിലെ സ്വകാര്യ ക്വാട്ടേഴ്സിൽ യുവാവിനെ രക്തം വാർന്ന് മരിച്ച നിലയിൽ കണ്ടെത്തി. പൂക്കയിൽ സ്വദേശി കരീം ആണ് മരിച്ചത്. ചൊവ്വാഴ്ച രാതിയാണ് തിരൂർ മങ്ങാടുള്ള വാടക ക്വാട്ടേഴ്സിൽ ഇയാളുടെ മൃതദേഹം കണ്ടെത്തിയത്.

മൃതദേഹത്തിന് ചുറ്റും രക്തം തളം കെട്ടി കിടക്കുന്ന അവസ്ഥയിലായിരുന്നു. മുറി തുറന്നിട്ട നിലയിലായിരുന്നു. പുറത്ത് നിന്നുള്ളവർ അകത്തുകടന്നതിന്റെ ലക്ഷണങ്ങളും ഉണ്ടായിരുന്നു. ഇതോടെ സംഭവം കൊലപാതകമാണോയെന്ന് പോലീസ് സംശയിക്കുന്നുണ്ട്.

സംഭവത്തിൽ അസ്വാഭാവിക മരണത്തിന് താനൂർ പോലീസ് കേസെടുത്തിട്ടുണ്ട്. കഴിഞ്ഞ ദിവസം ഇവിടെയെത്തിയ ചിലർ കരീമുമായി തർക്കത്തിൽ ഏർപ്പെട്ടിരുന്നെന്ന് നാട്ടുകാർ പറഞ്ഞു. ഇത് ഇയാളുമായി അടുത്ത ബന്ധമുള്ളവരാമെന്നാണ് പോലീസിസിന്റെ നിഗമനം. ഇയാളുടെ സുഹൃത്തുക്കളെ കേന്ദ്രീകരിച്ച് പോലീസ് അന്വേഷണം തുടങ്ങിയിട്ടുണ്ട്.

കിഫ്ബിയിൽ എല്ലാം സുതാര്യം; പ്രതിപക്ഷത്തിനു മറുപടിയുമായി മുഖ്യമന്ത്രി

# വിദ്യാഭ്യാസം കച്ചവട ചരക്കായി മാറും; സ്വകാര്യ സർവകലാശാലയ്ക്ക് അനുമതി നൽകിയതിനെതിരെ എഐഎസ്എഫ്

പാലക്കാട്: സംസ്ഥാനത്ത് സ്വകാര്യ സർവകലാശാലയ്ക്ക് അനുമതി നൽകിയ മന്ത്രിസഭാ തീരുമാനത്തിനെതിരെ എഐഎസ്എഫ്.

സ്വകാര്യ സർവകലാശാലകൾ അനുവദിക്കരുതെന്ന് നേരത്തെ സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നുവെന്നും വിദ്യാർഥി സംഘടനകളുമായി സർക്കാർ ചർച്ച നടത്തിയിട്ടില്ലെന്നും എഐഎസ്എഫ് പറഞ്ഞു.

സ്വകാര്യവത്കരണം വന്നാൽ വിദ്യാഭ്യാസം കച്ചവട ചരക്കായി മാറും. സർക്കാർ നിയന്ത്രണത്തിൽ അല്ലാത്തതിനാൽ ഫീസുകൾ ഉയരും. കാമ്പസുകളിൽ സംഘടനാ സ്വാതന്ത്ര്യം നഷ്ടപ്പെടും. വിദ്യാർഥികൾക്ക് ആശങ്കയുണ്ടെന്നും മന്ത്രിസഭാ തീരുമാനം സർക്കാർ പിൻവലിക്കണമെന്നും എഐഎസ്എഫ് ആവശ്യപ്പെട്ടു.

പിന്നാക്ക വിഭാഗങ്ങളിലെ വിദ്യാർഥികൾക്ക് ഫീസ് ഇളവ് വേണമെന്നും എസ്എഫ്ഐ തങ്ങളുടെ പ്രസ്താവനയിൽ ആവശ്യപ്പെട്ടു.

# വനിതാ കമ്മീഷൻ മാതൃകയിൽ വയോജന കമ്മീഷൻ; ബിൽ ഇന്ന് നിയമസഭയിൽ

തിരുവനന്തപുരം: വയോജന കമ്മീഷൻ ബിൽ ഇന്നു നിയമസഭയിൽ അവതരിപ്പിക്കും. വനിതാ കമ്മീഷൻ മാതൃകയിൽ വയോജനങ്ങൾക്കായുള്ള കമ്മീഷനാണ് ബില്ലിലൂടെ വിഭാവനം ചെയ്യുന്നത്. വയോജനങ്ങൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിനും ശിപാർശകൾ സമർപ്പിക്കുന്നതിനുമാണ് കമ്മീഷനെ നിയോഗിക്കുന്നത്. മൂന്നംഗങ്ങളുള്ള കമ്മീഷനിലെ എല്ലാ അംഗങ്ങളും വയോജനങ്ങൾ ആയിരിക്കും. ഒരാൾ വനിത ആയിരിക്കും. ഒരാൾ പട്ടികജാതി, പട്ടിക വർഗ വിഭാഗത്തിൽപ്പെട്ടയാളും. നിയമസഭാ സമ്മേളനം മാർച്ച് 25ന് അവസാനിപ്പിക്കാനും ബുധനാഴ്ച ചേർന്ന കാര്യോപദേശക സമിതി തീരുമാനിച്ചു. ഇന്നു പിരിയുന്ന സമ്മേളനം ഇനി മാർച്ച് മൂന്നിനാണ് ആരംഭിക്കുന്നത്.

# പത്തനംതിട്ട പോലീസ് മർദനം: അന്വേഷണം ക്രൈംബ്രാഞ്ചിന് കൈമാറി ഉത്തരവിറക്കി

പത്തനംതിട്ട: പത്തനംതിട്ടയിൽ പാതിരാത്രിയിൽ യാത്രക്കാരെ പോലീസുകാർ മർദിച്ച കേസ് അന്വേഷണം ജില്ലാ ക്രൈംബ്രാഞ്ചിന് കൈമാറി ഉത്തരവിറക്കി. പോലീസ് അതിക്രമം, ബാറിൽ ബഹളം ഉണ്ടാക്കി എന്നീ കേസുകളിൽ ക്രൈംബ്രാഞ്ച് അന്വേഷണം. വിവാഹ സത്കാരച്ചടങ്ങിൽ പങ്കെടുത്തു മടങ്ങിയ സ്ത്രീകളടങ്ങിയ സംഘത്തിനുനേരേയാണ് ഫെബ്രുവരി നാലിന് രാത്രി പതിനൊന്നരയോടെ പോലീസ് അതിക്രമം ഉണ്ടായത്. പത്തനംതിട്ട അബാൻ ജംഗ്ഷനിലായിരുന്നു സംഭവം.

മർദനത്തിനിരയായ യുവതിയുടെ തോളെല്ലൊടിഞ്ഞു. രണ്ടു യുവാക്കൾക്കു ക്രൂരമായ മർദനമേറ്റു. എസ്ഐ ജിനുവിന്റെ നേതൃത്വത്തിലെത്തിയ പോലീസ് സംഘമാണ് നരനായാട്ട് നടത്തിയത്. പിന്നാലെ എസ്ഐ ജിനുവിനെ സസ്പെൻഡ് ചെയ്തിരുന്നു.

കൊല്ലത്തു നടന്ന വിവാഹസത്കാരത്തിൽ പങ്കെടുത്ത് ട്രാവലറിൽ മടങ്ങിയ സംഘത്തിൽ ഇരുപതോളം പേരുണ്ടായിരുന്നു. എരുമേലി, മുണ്ടക്കയം ഭാഗത്തുനിന്നുള്ളവരാണു ട്രാവലറിൽ ഉണ്ടായിരുന്നത്. ഇവർക്കൊപ്പമുണ്ടായിരുന്ന മലയാലപ്പുഴ പുതുക്കുളം സ്വദേശിയെ കൂട്ടിക്കൊണ്ടു പോകാൻ ഭർത്താവ് എത്തി അബാൻ ജംഗ്ഷനിൽ കാത്തുനിന്നിരുന്നു. ഇവിടെ വാഹനം നിർത്തിയപ്പോൾ സ്ത്രീ അടക്കം അഞ്ചു പേർ പുറത്തിറങ്ങി നിന്നു. ഇതിനിടെ ‘ഓടെടാ’ എന്നു പറഞ്ഞ് ലാത്തിച്ചാർജ് തുടങ്ങുകയായിരുന്നുവെന്ന് പറയുന്നു. എസ്ഐ ജിനു മഫ്തിയിലായിരുന്നു. ഭർത്താവിനെയും കൂടെ വന്നവരെയും പോലീസ് മർദിക്കുന്നത് കണ്ട് ഭയന്നോടിയപ്പോൾ വീണാണ് സിത്താര (31) എന്ന യുവതിക്ക് പരിക്കേറ്റത്. സിത്താരയുടെ തോളെല്ലിന് പൊട്ടലുണ്ട്. ഭർത്താവ് ശ്രീജിത്തിന്റെ തലയ്ക്ക് ലാത്തിച്ചാർജിൽ പരിക്കേറ്റു.

സിജിൻ എന്ന യുവാവിനെ പോലീസ് ക്രൂരമായി മർദിച്ചു. തങ്ങളെ എന്തിനാണു മർദിക്കുന്നതെന്ന് ചോദിച്ചപ്പോൾ മറുപടി ഉണ്ടായില്ലെന്നും ഓടെടാ എന്നു മാത്രമാണ് പറഞ്ഞതെന്നുമാണ് പരിക്കേറ്റവരുടെ മൊഴി. ഇവർ ജനറൽ ആശുപത്രിയിൽ ചികിത്സയിലാണ്.

അതേസമയം, മർദനം ആളുമാറിയാണെന്നാണു പോലീസിന്റെ അനൗദ്യോഗിക വിശദീകരണം. അബാൻ ജംഗ്ഷനിലെ ബാറിനു സമീപം അടിപിടി നടക്കുന്നുവെന്ന് സ്റ്റേഷനിൽ വിവരം കിട്ടിയതിന്റെ അടിസ്ഥാനത്തിലാണ് പോലീസ് സംഘം എത്തിയത്.

കാർട്ടേഴ്സിലായിരുന്ന എസ്ഐ ജിനു സ്റ്റേഷനിൽനിന്ന് വിളിച്ചതനുസരിച്ചാണ് പോലീസ് സംഘം എത്തിയത്. പോലീസ് സംഘം ചെന്നപ്പോൾ ഒരു യുവതിയും നാലു പുരുഷന്മാരും ചേർന്ന് ബാറിന് മുന്നിൽനിന്ന് സെൽഫി എടുക്കുന്നതാണ് കണ്ടത്. അതിനിടെ ഹെൽമറ്റ് ധരിച്ച രണ്ടുപേർ ഓടിപ്പോകുന്നതും കണ്ടു.

ബാറിന് മുന്നിൽനിന്നവർ അടിപിടി സംഘത്തിലുള്ളവരാണെന്ന് കരുതിയാണു മർദിച്ചത്. സിത്താരയെ പോലീസ് മർദിക്കുന്നതു തടയാൻ ശ്രമിക്കുമ്പോഴാണ് ശ്രീജിത്തിന് മർദനമേറ്റത്. പോലീസ് സംഘത്തിൽ രണ്ടു പേരൊഴികെ എല്ലാവരും മഫ്തിയിലായിരുന്നു.

# ഡോ. വന്ദനദാസ് കൊലക്കേസിൽ വിചാരണ തുടങ്ങി; ക്രൂരകൃത്യം കോടതിയിൽ വിവരിച്ച് സാക്ഷി

കൊല്ലം: കേരളത്തെ നടുക്കിയ ഡോക്ടർ വന്ദനദാസ് കൊലക്കേസിൽ വിചാരണ ആരംഭിച്ചു. ഒന്നാം സാക്ഷിയുടെ വിസ്താരമാണ് കൊല്ലം ഫസ്റ്റ് അഡീഷണൽ ഡിസ്ട്രിക്റ്റ് ആൻഡ് സെഷൻസ് കോടതിയിൽ ഇന്നു നടന്നത്. പ്രതി സന്ദീപിനെ കോടതിയിൽ നേരിട്ട് ഹാജരാക്കി.

കൃത്യം നടക്കുമ്പോൾ കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ വന്ദനയ്ക്ക് ഒപ്പം ഡ്യൂട്ടിയിലുണ്ടായിരുന്ന ഡോ. മുഹമ്മദ് ഷിബിനാണ് ഒന്നാം സാക്ഷി. പ്രതിയെയും കൃത്യത്തിന് ഉപയോഗിച്ച ആയുധവും സാക്ഷി തിരിച്ചറിഞ്ഞു.

ഡോ. വന്ദനദാസ് ആക്രമിക്കപ്പെട്ട സംഭവം കോടതിമുറിയിൽ ഡോ. മുഹമ്മദ് ഷിബിൻ വിവരിച്ചത് വിതുമ്പിക്കൊണ്ടായിരുന്നു. പുലർച്ച അഞ്ചിനാണ് രണ്ട് പോലീസ് ഉദ്യോഗസ്ഥരും കുടവട്ടൂർ സ്വദേശിയായ പ്രതി സന്ദീപും രണ്ട് സമീപവാസികളും കൊട്ടാരക്കര താലൂക്കാശുപത്രിയിലെത്തുന്നത്. പ്രതിയുടെ കാലുകളിൽ മുറിവുണ്ടായിരുന്നതിനാൽ കാഷ്വൽറ്റിയിലെ പ്രൊസീജ്യർ റൂമിലേക്ക് മാറ്റുകയായിരുന്നു.

അവിടെ വച്ച് സന്ദീപ് കൂടെയെത്തിയയാളെയും പോലീസ് ഉദ്യോഗസ്ഥരെയും ആക്രമിക്കുകയും ഒരാളുടെ തലയിൽ കത്രികയുപയോഗിച്ച് കുത്തുകയും ചെയ്തു. തടയാനെത്തിയ പോലീസ് ഉദ്യോഗസ്ഥനെയും ആംബുലൻസ് ഡ്രൈവറെയും ആക്രമിച്ചു. തുടർന്നാണ് കാഷ്വൽറ്റിയിലെ പ്രൊസീജ്യർ റൂമിലേക്കെത്തിയ ഡോ. വന്ദനദാസിനെ പ്രതി ആക്രമിച്ചത്.

പ്രൊസീജ്യർ റൂമിൽനിന്നുള്ള നിലവിളികേട്ടാണ് കാഷ്വാൽറ്റിയിലെ ഫാർമസിക്കുസമീപം നിന്ന ഷിബിൻ അവിടേക്ക് ഓടിയെത്തുന്നത്. അവിടെവെച്ച് പ്രതി സന്ദീപ് വന്ദനയുടെ ഇടതുകൈയിൽ പിടിച്ചുനിർത്തി ഒരടിയോളം നീളമുള്ള സർജിക്കൽ കത്രിക ഉപയോഗിച്ച് തലയിലും പുറത്തും കുത്തുകയായിരുന്നു.

പെട്ടെന്ന് ഷിബിൻ വന്ദനയെ കാലിൽ പിടിച്ചുവലിച്ച് രക്ഷിക്കാൻ ശ്രമിച്ചെങ്കിലും നടന്നില്ല. ആ സമയം കഴുത്തിലും പുറത്തും തലയിലും ആഴത്തിലുള്ള മുറിവേറ്റിരുന്ന വന്ദന നടക്കാനും ശ്വാസമെടുക്കാനും പ്രയാസമുള്ളതായി പറഞ്ഞു. തുടർന്ന്, വന്ദനയെ പുറത്തുണ്ടായിരുന്ന പോലീസ് വാഹനത്തിൽ കൊട്ടാരക്കരയിലുള്ള വിജയ ആശുപത്രിയിലെത്തിക്കുകയായിരുന്നു. തുടർന്ന്, വന്ദനദാസ് മരിച്ചതായും ഷിബിൻ മൊഴിനൽകി.

വന്ദനയുടെ അച്ഛൻ മോഹൻദാസും ഇന്ന് കോടതിയിൽ എത്തിയിരുന്നു. മകൾക്ക് നീതി കിട്ടും വരെ പോരാടുമെന്ന് മോഹൻദാസ് പ്രതികരിച്ചു. 131 സാക്ഷികൾ ഉള്ള കേസിൽ 50 പേരെയാണ് ആദ്യഘട്ടത്തിൽ വിസ്തരിക്കുന്നത്.

# കാൻസർ സ്ക്രീനിംഗിൽ എല്ലാവരും പങ്കാളികളാകണം: നിയമസഭാ സ്പീക്കർ

## വനിതാ എംഎൽഎമാർക്കും ജീവനക്കാർക്കുമായി നിയമസഭയിൽ സ്ക്രീനിംഗ് നടത്തി

‘ആരോഗ്യം ആനന്ദം- അകറ്റാം അർബുദം’ കാൻസർ സ്ക്രീനിംഗ് ജനകീയ ക്യാമ്പയിനിന്റെ ഭാഗമായുള്ള സ്ക്രീനിംഗിൽ എല്ലാവരും പങ്കാളികളാകണമെന്ന് നിയമസഭാ സ്പീക്കർ എ.എൻ. ഷംസീർ. ആരോഗ്യ വകുപ്പ് കാൻസറിനെതിരെ വലിയൊരു ക്യാമ്പയിനാണ് നടത്തി വരുന്നത്. കാൻസർ തുടക്കത്തിൽ കണ്ടെത്തിയാൽ പൂർണമായും ചികിത്സിച്ച് ഭേദമാക്കാൻ സാധിക്കും.

അതിനാൽ നേരത്തെ സ്ക്രീനിംഗ് നടത്തി കാൻസർ ഇല്ലായെന്ന് ഉറപ്പ് വരുത്തണം. ജപ്പാൻ പോലെയുള്ള വികസിത രാജ്യങ്ങൾ 40 വയസിന് മുകളിലുള്ളവരെ സ്ക്രീൻ ചെയ്യുമ്പോൾ കേരളം 30 വയസ് മുതൽ സ്ക്രീൻ ചെയ്യുന്നുണ്ട്. ഈ രോഗത്തിന് മുമ്പിൽ സമ്പന്നനോ ദരിദ്രനെന്നോ വ്യത്യാസമില്ല. അതിനാൽ എല്ലാവരും ശ്രദ്ധിക്കേണ്ടതാണ്. ഇതിന് മുൻകൈയ്യെടുത്ത ആരോഗ്യ വകുപ്പ് മന്ത്രിയേയും ആരോഗ്യ വകുപ്പിനേയും സ്പീക്കർ അഭിനന്ദിച്ചു. നിയമസഭാ വനിതാ എംഎൽഎമാർക്കും വനിതാ ജീവനക്കാർക്കുമുള്ള കാൻസർ സ്ക്രീനിംഗ് പരിപാടി ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു സ്പീക്കർ



വനിതാ എം.എൽ.എമാർക്കും നിയമസഭയിലെ വനിത ജീവനക്കാർക്കുമായി ആരംഭിച്ച കാൻസർ സ്ക്രീനിംഗ് പരിപാടി സ്പീക്കർ എ.എൻ.ഷംസീർ ഉദ്ഘാടനം ചെയ്യുന്നു

ആളുകൾക്ക് ആത്മവിശ്വാസം വർധിപ്പിക്കുന്നതിന് ജനപ്രിതിനിധികളുടെ സ്ക്രീനിംഗ് സഹായിക്കുമെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു. കാൻസർ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ഒരു വർഷം നീണ്ടു നിൽക്കുന്ന പരിപാടികളാണ് ആരോഗ്യ വകുപ്പ് ലക്ഷ്യമിടുന്നത്. പലരും അവസാന സ്റ്റേജുകളിലാണ് പരിശോധനയ്ക്ക് എത്തുന്നത്. അതിനാൽ ചികിത്സയും സങ്കീർണമാകുന്നു. വലിയ സാമ്പത്തിക ഭാരവുമാകും. ആദ്യം തന്നെ കാൻസർ കണ്ടുപിടിച്ചാൽ പൂർണമായും ചികിത്സിച്ച് ഭേദമാക്കാൻ സാധിക്കും എന്ന ആത്മവിശ്വാസവും ബോധ്യവും വളർത്തിയെടുക്കുന്ന ബിഹേവിയറൽ ചേഞ്ചാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തി കാൻസർ ഇല്ലായെന്ന് ഉറപ്പ് വരുത്തണം. നിയമസഭയിൽ കാൻസർ സ്ക്രീനിംഗിന് അനുമതി നൽകിയ സ്പീക്കറോടും നിയമസഭാ സെക്രട്ടറിയേറ്റിനോടും മന്ത്രി നന്ദി അറിയിച്ചു.

വളരെ ശ്രദ്ധേയമായ പരിപാടിയാണ് കാൻസർ സ്ക്രീനിംഗെന്ന് ചടങ്ങിൽ പങ്കെടുത്ത ഗതാഗത വകുപ്പ് മന്ത്രി കെ.ബി. ഗണേഷ് കുമാർ പറഞ്ഞു. കാൻസർ നേരത്തെ കണ്ടെത്തുന്നതിലൂടെ കഷ്ടതകൾ കുറയ്ക്കാനാകും.

എല്ലാവരും ഈ സ്ക്രീനിംഗിൽ പങ്കാളികളാകണമെന്നും മന്ത്രി അഭ്യർത്ഥിച്ചു.മുൻ ആരോഗ്യ വകുപ്പ് മന്ത്രി കെ.കെ. ശൈലജ ടീച്ചർ സ്ക്രീനിംഗ് വേദി സന്ദർശിച്ച് ആശംസകൾ അർപ്പിച്ചു.

മന്ത്രിമാരായ ആർ. ബിന്ദു, ജെ. ചിഞ്ചുറാണി, എംഎൽഎമാർ, നിയമസഭാ ജീവനക്കാർ എന്നിവർ സ്ക്രീനിംഗിൽ പങ്കെടുത്തു. ആദ്യ സ്ക്രീനിംഗ് നടത്തിയത് കെ.കെ. രമ എംഎൽഎയാണ്. നിയമസഭാ സെക്രട്ടറി കൃഷ്ണകുമാർ, എൻ.എച്ച്.എം. സ്റ്റേറ്റ് മിഷൻ ഡയറക്ടർ ഡോ. വിനയ് ഗോയൽ, ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ. കെ.ജെ. റീന എന്നിവർ പങ്കെടുത്തു.

നിയമസഭയിലെ ശങ്കരനാരായണൻ തമ്പി ഹാളിൽ നടന്ന സ്ക്രീനിംഗിൽ 180 പേരെ സ്ക്രീൻ ചെയ്തു. അതിൽ 82 പേരെ തുടർ പരിശോധനയ്ക്ക് റഫർ ചെയ്തു. ആർ സി സി, മെഡിക്കൽ കോളേജ്, ആരോഗ്യ വകുപ്പ് എന്നിവിടങ്ങളിലെ വിദഗ്ധ ഡോക്ടർമാരുടേ നേതൃത്വത്തിലാണ് സ്ക്രീനിംഗ് സംഘടിപ്പിച്ചത്.